
പുസ്തകം ൩. ലക്കം ൧൨.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

December 1917.

## സംഗതി വിവരം.

1. ന. ക. പിറവിത്തിരുനാൾ.
2. പരിത്രാതാവിന്റെ മതം.
3. വിശുദ്ധ കർബാന.
4. വിശുദ്ധ യൌസേപ്പു പിതാവു്.
5. വി. പത്രീച്ചിയുടെ ജീവചരിത്രം.
6. വേദപ്രചാരണം.
7. പൊതുക്കുറുതൽ.
8. ലോകവൎത്തമാനച്ചുരുക്കം.
9. ഗീതം.

# നോട്ടീസ്

### ആണ്ടൊന്നുക്കു തപാൽകൂലി ഉൾപ്പടെ ബ്രി. രൂപാ ൧.

യാതൊരുത്തൻ അഞ്ചു പേരെ പത്രവരിക്കാരായി ചേൎത്തു പേരയക്കയും സ്വന്ത മേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റു വാങ്ങിച്ചുകൊടുക്കയും പത്രവരി പിരിച്ചു ഒന്നാകെ അടക്കുകയും ചെയ്യുന്നതായാൽ അയാൾക്കു് ആറാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.

"കർമ്മെല കുസുമം" മാനേജർ,

Mannanam. മാന്നാനം.

മാസികയുടെ വരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ചു് അപേക്ഷിക്കയൊ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയൊ ചെയ്യണം. പണമടയ്ക്കാതെ മാസികയ്ക്കു് ആവശ്യപ്പെടുന്നവൎക്കെല്ലാം സാധാരണ വി. പി. ആയി മാത്രമെ അയക്കയുള്ളു. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്കു് ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.

# കർമ്മല കുസുമം.

പുസ്തകം ൧൫)   ൧൯൧൫ ഡിസംബർ   (ലക്കം ൧൨.


## ന. ക. പിറവി തിരുനാൾ.

---

നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാൾ സകലൎക്കും ആനന്ദത്തെ ജനിപ്പിക്കുന്നു. ആകാശങ്ങളിൽ ദൈവത്തിന്നു സ്തുതി, ഭൂമിയിൽ മനുഷ്യൎക്കു സമാധാനം എന്നു ദൈവദൂതന്മാർ പാടിയ പാട്ടു സകലരുടെയും ഓൎമ്മയിൽ പുത്തനായി ധ്വനിക്കുന്നു. എന്നാൽ ഈ മഹോത്സവ ദിനത്തിൽ പുറമെയുള്ള സന്തോഷങ്ങളെ മുഖ്യമായി ഗണിക്കാതെ ഉള്ളിന്നടുത്ത ആത്മീയ സന്തോഷം നമ്മിൽ വരുത്തുവാൻ ശ്രമിക്കേണ്ടതാണ്. ഇതു സാധിക്കുന്നതിന്നു നമ്മുടെ കൎത്താവു ഉണ്ണിആയി കിടക്കുന്ന ആ പുൽക്കൂട്ടിന്റെ മുമ്പാകെ അല്പനേരം നമ്മുടെ ബോധമടക്കി ധ്യാനിച്ചാൽ മതിയായിരിക്കുന്നു. 1-ാമതു നമ്മുടെ മേലുള്ള സ്നേഹത്തെപ്രതി തന്റെ ദൈവമഹിമയെ മുഴുവനായി മറച്ചുകൊണ്ടു എത്രയും സ്നേഹിക്കപ്പെടുവാൻ തക്ക ഒരു ഉണ്ണിയുടെ ഭാഷയിൽ കാണപ്പെടുന്ന പുത്രൻതമ്പുരാനെ നമ്മുടെ പൂൎണ്ണ ഹൃദയത്തോടെ നാം വണങ്ങി ആരാധിക്കയും സ്നേഹിക്കയും ചെയ്യണം. താൻ സകലത്തിന്റെയും ഉടയനാഥനും, മാലാഖമാരാൽ ഇടവിടാതെ പരിശുദ്ധൻ പരിശുദ്ധൻ എന്നു പാടി സ്തുതിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദൈവവുമായിരിക്കുന്നു. മനുഷ്യരായ നമ്മെ രക്ഷിക്കുന്നതിന്നും നമ്മുടെ ഹൃദയങ്ങളെ തനിക്കു നേടേണ്ടതിന്നുമാണ് ഇപ്രകാരം തന്നെ താഴ്ത്തിക്കൊണ്ടു നമ്മുടെ ഇടയിൽ സ്നേഹം നിറഞ്ഞ ഉണ്ണിയായി കാണപ്പെടുന്നതു്. ആകയാൽ നമ്മുടെ സ്രഷ്ടാവും രക്ഷിതാവുമായ പുത്രൻതമ്പുരാൻ നമ്മോടു കാണിക്കുന്ന അളവില്ലാത്ത സ്നേഹത്തെ കണ്ടു നാം ആനന്ദപൂരിതരായി നമ്മുടെ ഹൃദയങ്ങളെ അവിടേക്കു പൂജയായി സമൎപ്പിക്കേണ്ടിയിരിക്കുന്നു.

2-ാമതു്. ഈ പുൽക്കൂട്ടിൽ കിടക്കുന്ന നരദേവനായ കുഞ്ഞുണ്ണി വഴിയായി പിതാവായ ദൈവം നമ്മോടു കാണിക്കുന്ന അളവില്ലാത്ത സ്നേഹവും നമുക്കു സ്പഷ്ടമായി കാണാവുന്നതാണ്. ലോകത്തിലുള്ള സകല മനുഷ്യരും വിശ്വസിച്ചു രക്ഷപെടുന്നതിന്നുള്ള മാൎഗ്ഗമായിട്ടത്രെ ദൈവം തന്റെ ഏകപുത്രനെ ഈ ലോകത്തിലേക്കു യാത്രയാക്കിയതു്. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം തന്റെ ഏക പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ അത്രെത്തോളം സ്നേഹിച്ചു" എന്നു നമ്മുടെ കൎത്താവുതന്നെ യോഹന്നാന്റെ സുവിശേഷം 3-ാം അദ്ധ്യായം 16-ാം വാക്യത്തിൽ അരുളിച്ചെയ്തിരിക്കുന്നു. ആകയാൽ പുൽക്കൂട്ടിൽ കിടക്കുന്ന ഉണ്ണിഈശോയെ ദൎശിക്കുന്ന ഒരാളിന്നു ബാവായും പുത്രനും തന്റെമേൽ ചിന്തിയിരിക്കുന്ന അളവില്ലാത്ത സ്നേഹത്തെ എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്.

3-ാമതു്. പുൽക്കൂട്ടിൽ നാം കാണുന്ന ഈ ദിവ്യ ഉണ്ണിയുടെ മാണിക്കമായ

തിരുശരീരം പരിശുദ്ധ കന്യകമറിയത്തിന്റെ തിരുരക്തംകൊണ്ടു നിൎമ്മിച്ചുണ്ടാക്കിയതു റൂഹാദക്കുദശാതമ്പുരാനായിരിക്കുന്നു. ഈ തിരുശരീരം നമ്മുടെ രക്ഷക്കായി കുരിശിൽ ബലിയായി സമൎപ്പിക്കപ്പെടുന്നതിന്നും, നമ്മുടെ ആത്മീയ ഭക്ഷണം ആകേണ്ടതിന്നുമായിട്ടത്രെ ഉരുവാക്കപ്പെട്ടിരിക്കുന്നതു. ആകയാൽ "വചനംമാംസമായി നമ്മിൽ കുടിയിരുന്നു" എന്നു നാം ചൊല്ലുമ്പോഴൊക്കെയും ബാവാ പുത്രൻ റൂഹാദക്കുദശാ ആകുന്ന മൂവരൊരുപൻ തമ്പുരാൻ നമ്മുടെ മേൽ കാണിച്ചിരിക്കുന്ന അളവില്ലാത്ത സ്നേഹത്തെയും, നമ്മുടെ രക്ഷക്കായി ചെയ്തിരിക്കുന്ന മഹത്തായ കാൎയ്യങ്ങളെയും നന്ദിപൂൎവ്വം നാം ഓൎക്കേണ്ടതാണ്. എന്നാൽ ലോകമായങ്ങളിൽ മുങ്ങിയിരിക്കുന്ന നമ്മുടെ ബുദ്ധിക്കു പ്രസ്തുത വാക്യത്തിന്റെ യഥാൎത്ഥ്യം ഗ്രഹിപ്പാൻ എല്ലായ്പോഴും എളുപ്പമില്ലായെങ്കിലും, പിറവിത്തിരുനാളിൽ പുൽക്കൂട്ടിൽ ഉണ്ണി ആയി കാണപ്പെടുന്ന നമ്മുടെ കൎത്താവീശോമശിഹായുടെതിരുമുമ്പാകെ അല്പനേരം ബോധമടക്കി ധ്യാനിച്ചാൽ, മദ്ധ്യാഹ്ന സമയത്തു സ്ഥൂലവസ്തുക്കൾ കണ്ണിന്നു തെളിവാകുന്നതുപോലെ ഈ മഹാ സത്യങ്ങളും നമ്മുടെ ബോധംകൊണ്ടു തെളിവായി കാണാവുന്നതാണ്. ഇതിൽനിന്നുളവാകുന്ന ആത്മീയ സന്തോഷമത്രെ നീതിമാന്മാർ ഈ മഹോത്സവദിനത്തിൽ മുഖ്യമായി അനുഭവിക്കേണ്ടതു്. കാളക്കു വൈക്കോലും മനുഷ്യന്നു അപ്പവും രസമയ ഭക്ഷണം ആയിരിക്കുന്നതുപോലെ, നീതിമാന്മാൎക്കു ജ്ഞാനസന്തോഷങ്ങളും "ലോകത്തിന്നു" ലൌകിക സന്തോഷങ്ങളും രസകരങ്ങളായി പരിണമിക്കയും ചെയ്യും. എന്നാൽ പ്രിയ സഹോദരങ്ങളെ! മേൽപ്രസ്താവിച്ചതുപോലെ അല്പനേരം പുൽക്കൂട്ടിൻമുമ്പാകെ ധ്യാനിച്ചുകൊണ്ടും, അല്ലെങ്കിൽ ശുദ്ധ കുൎബ്ബാന ഉൾക്കൊണ്ടു ഉണ്ണിഈശോയെ നമ്മുടെ ഹൃദയത്തിൽ പിടിച്ചു തഴുകി വണങ്ങി ആരാധിച്ചുകൊണ്ടും ദൈവമക്കൾക്കുതക്ക സന്തോഷവും ദൈവം കരുതിയിരിക്കുന്ന ജ്ഞാനഫലങ്ങളും പ്രാപിക്കുന്നതിന്നു നാം ശ്രമിക്കണം. [illegible]

## പരിത്രാതാവിന്റെ മതം

ഏക ദൈവമായ നിന്നെയും നീ യാത്രയാക്കിയ നിന്റെ മിശിഹായെയും അറിയുന്നതത്രെ നിത്യായുസ്സ്. (യോഹ 17. 3.)

മിശിഹാ ഇഹത്തിൽ പ്രത്യക്ഷനായി സത്യമായ മാൎഗ്ഗം മനുഷ്യൎക്കു കാണിച്ചുകൊടുത്തു. അവിടുന്നു പലസ്തീനായിൽ മാത്രം താമസിക്കുകയും അവിടെ മാത്രം വേദം പ്രസംഗിക്കയും ചെയ്തു. എങ്കിലും നാനാജാതികളെയും തന്റെ മതത്തിൽ ഭാഗഭാക്കുകളാക്കുന്നതിനു വേണ്ട ഏൎപ്പാടുകൾ ചെയ്യാതിരുന്നില്ല. അവിടുന്നു സ്വൎഗ്ഗത്തിലേയ്ക്കു എഴുന്നെള്ളുന്ന ഘട്ടത്തിൽ അങ്ങെ ശിഷ്യരോടു "നിങ്ങൾ പോയി എല്ലാ ജാതികളെയും പഠിപ്പിപ്പിൻ" എന്നരുളിച്ചെയ്തു. ഈ കല്പനപ്രകാരം അവർ ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും പോയി അവിടുത്തെ മതത്തെ അറിയിച്ചു. മശിഹാ പഠിപ്പിച്ചതെല്ലാം സംക്ഷിപ്തരീതിയിൽ പ്രമാണപ്പെടുത്തിക്കൊണ്ടത്രെ അവർ പ്രസംഗിപ്പാൻ പുറപ്പെട്ടതു്. വിശു. അഗുസ്തീനോസു സാക്ഷിക്കുന്നതുപോലെ മിശിഹായുടെ കല്പനയ്ക്കനുസരണമായി ശ്ലീഹന്മാർ പ്രസംഗിപ്പാൻ പുറപ്പെടുന്നതിനു മുമ്പു റൂഹാദക്കുദിശായുടെ പ്രേരണയാലെ മിശിഹായുടെ പഠനങ്ങളെ എല്ലാം സംക്ഷിപ്തരൂപത്തിൽ വരുത്തുന്നതിനു നിശ്ചയിച്ചു. കേൾവിക്കാരുടെ ബോധത്തിൽ നിഷ്പ്രയാസേന പതിയത്തക്കവിധത്തിൽ ആക്കേണമെന്നായിരുന്നു അവരുടെ ആന്തരം. മിശിഹായുടെ ബോധനങ്ങളെയെല്ലാം പന്ത്രണ്ടു വകുപ്പുകളായി അവർ ക്രമീകരിച്ചു; ഇങ്ങനെയാകുന്നു ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിന്റെ ഉത്ഭവം. വിശ്വാസത്തെ പ്രസംഗിപ്പാൻ പുറപ്പെട്ട പന്ത്രണ്ടു ശ്ലീഹന്മാരും വിശ്വാസപ്രമാണത്തിന്റെ പന്ത്രണ്ടു വകുപ്പുകളുടേയും അൎത്ഥവ്യാപ്തി ശരിയായ ഗ്രഹിച്ചിരുന്നു. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ പന്ത്രണ്ടു ഗോത്രപിതാക്കന്മാരിൽ നിന്നു ഉത്ഭവിച്ചതുപോലെ ക്രിസ്തീയ ജനം

പന്ത്രണ്ടു ശ്ലീഹന്മാരിൽ നിന്നുൽഭൂതമായി. വാഗ്ദാനത്തിന്റെ ദേശത്തിലേയ്ക്കു വനാന്തരങ്ങളിൽ കൂടി യാത്രചെയ്തിരുന്ന ഇസ്രായേൽ പന്ത്രണ്ടു ഉറവകളെ കണ്ടെത്തുകയും അവയിൽ നിന്നു അവരുടെ ദാഹത്തെ തീർക്കുകയും ചെയ്തു. ആകാശരാജ്യത്തെ ലാക്കാക്കി യാത്രചെയ്യുന്ന സകലർക്കും ശ്ലീഹന്മാർ പന്ത്രണ്ടു ഉറവകൾ ആകുന്നു. എന്തുകൊണ്ടെന്നാൽ "ഞാൻ തരുന്ന വെള്ളം കുടിക്കുന്നവൻ ദാഹിക്കയില്ല എന്നു മിശിഹാ അരുളിച്ചെയ്യുന്നു" ഈ വെള്ളംകൊണ്ടു സത്യത്തെയും ഏക ദൈവത്തെയും മിശിഹായെയും അറിവാൻ ആഗ്രഹിക്കുന്നവരുടെ ദാഹത്തെ ശ്ലീഹന്മാർ ശമിപ്പിക്കുന്നു. യൂദജനം പറഞ്ഞൊപ്പിന്റെ ദേശത്തോടു സമീപിച്ചപ്പോൾ പന്ത്രണ്ടൊററുകാരെ മൂശ അവിടെയ്ക്കു അയച്ചു. അപ്രകാരംതന്നെ വിശ്വാസം വഴിയായി ലോകത്തെ കൈവശപ്പെടുത്തുന്നതിനു പന്ത്രണ്ടു പ്രേഷകന്മാരെ മിശിഹാ അയച്ചു. ലോകം മുഴുവനും മിശിഹായുടെ അവകാശമായി വാഗ്ദാനം ചെയ്യപ്പെട്ട നാടായിരുന്നു. സ്വർഗ്ഗത്തിലെ പിതാവു മിശിഹായോടു "നിനക്കവകാശമായിട്ടു പുറജാതിക്കാരെ നിനക്കു ഞാൻ തരും. നിന്റെ സമ്പത്തായിട്ടു ഭൂമിയുടെ അതിരുകളെ ഞാൻ നൽകും" (സങ്കി. 2. 8.) എന്നു അരുളിച്ചെയ്തിരിക്കുന്നു. യൂദന്മാരുടെ മേല്പട്ടക്കാരൻ പന്ത്രണ്ടു വജ്രക്കല്ലു പതിച്ചതും പ്രകാശവും സത്യവും എന്നെഴുതപ്പെട്ടിരുന്നതുമായ ഒരു ഉരോവസ്ത്രം ധരിച്ചിരുന്നു. വിശ്വാസപ്രമാണത്തിന്റെ പന്ത്രണ്ടു വകുപ്പുകളും ഇപ്രകാരം പന്ത്രണ്ടാഭരണങ്ങളായിത്തീർന്നിട്ടുണ്ട്. സത്യവാനും നിത്യനും ആയ മേല്പട്ടക്കാരന്റെ പ്രതിനിധികൾ എന്നുള്ള നിലയിൽ അതു ധരിച്ചുകൊണ്ടു ശ്ലീഹന്മാർ ലോകത്തിൽ കാണപ്പെടുകയും അതു വഴിയായി സത്യവും പ്രകാശവും ലോകത്തിനു നൽകുകയും ചെയ്തു. യൂദജനം പലസ്തീനായിൽ പ്രവേശിച്ചപ്പോൾ ദൈവകല്പനപ്രകാരം ഹെബാൻ എബാൽ എന്ന മലപ്പുറത്തു പന്ത്രണ്ടു ശിലകൾകൊണ്ടൊരു പീഠം പണിയുന്നതിനു നിബന്ധിതരായി. അപ്രകാരം തന്നെ വിശ്വാസപ്രമാണത്തിന്റെ പന്ത്രണ്ടു വകുപ്പുകൾ സ്വീകരിക്കപ്പെട്ടപ്പോൾ അവ ഏകദൈവത്തിന്റെയും മിശിഹായുടെയും ജ്ഞാനം കത്തിജ്വലിക്കുന്ന ഒരു പീഠമായിത്തീരുന്നു. പന്ത്രണ്ടു സ്വർണ്ണസിംഹങ്ങൾ ശ്ലെമ്മോന്റെ സിംഹാസനത്തെ അലങ്കരിച്ചിരുന്നു. സിംഹങ്ങളെപ്പോലെ ശ്ലീഹന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും പുറപ്പെടുകയും അജ്ഞാനത്തിന്റെയും തിന്മയുടെയും ദാസ്യത്തിൽ നിന്നു അതിനെ സ്വതന്ത്രമാക്കി രാജാക്കളുടെ രാജാവിന്റെ സമ്പത്താക്കിത്തീർക്കുകയും ചെയ്തു. അവർ മുഖേനയും അവർ പ്രസംഗിച്ച വിശ്വാസം വഴിയായും അത്യുന്നതന്റെ സിംഹാസനത്തിങ്കൽ സകലർക്കും ചെന്നെത്താവുന്നതും അവിടത്തെ അഭിമുഖമായി കാണാവുന്നതുമാണ്.

ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം പൊതുവിൽ തിരുസഭയേയുംപ്രത്യേകിച്ചു ക്രിസ്ത്യാനികളിൽ ഓരോരുത്തരെയും സംബന്ധിച്ചിടത്തോളം സാരഗർഭംതന്നെ. മിശിഹാ പന്ത്രണ്ടു ശ്ലീഹന്മാരെ നമ്മുടെ ഗുരുക്കളായും പുരോഹിതന്മാരായും, ഇടയന്മാരായും നിയമിച്ചു. തന്നിമിത്തം അവിടത്തെ ഉപദേശങ്ങളെയും അവിടുന്നു സ്ഥാപിച്ചിട്ടുള്ള കൂദാശകളെയും അവരെ ഭരമേല്പിച്ചുകൊണ്ടു സകല ജാതികളെയും പഠിപ്പിപ്പാനും, അവർക്കു കൂദാശകളെ നൽകുവാനും അവിടുന്നാജ്ഞാപിച്ചിട്ടുള്ളതെല്ലാം അവരെ അനുസരിപ്പിപ്പാനും ആയിട്ടു (ശ്ലീഹന്മാരെ) അയയ്ക്കുകയും ചെയ്തു. മനുഷ്യർ വിശ്വാസത്തെ സ്വീകരിച്ചിട്ടു അവരുടെ ഉള്ളിൽ അതു മങ്ങികിടക്കാതെ ബാഹ്യമായ അടയാളങ്ങൾ മൂലം പ്രത്യക്ഷമായി. ഇങ്ങനെ ശ്ലീഹന്മാർ മിശിഹായിലുള്ള വിശ്വാസത്തിന്റെ പന്ത്രണ്ടു പ്രധാന സംഗതികളെ തെരഞ്ഞെടുക്കുകയും അവയെ എല്ലാം കൂടി ആകപ്പാടെ ഒന്നായി സംഘടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതു ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം എന്നു വിളിക്കപ്പെടുന്നു. സത്യക്രിസ്ത്യാനികൾ പരസ്പരം അറിയുന്നതിനുള്ള മാർഗ്ഗവും ഇതുതന്നെയാകുന്നു.

ഒരെ വിശ്വാസത്തിന്റെ സ്വീക

രണം നാനാപ്രകാരേണയും ക്രിസ്ത്യാനികളിൽ ഓരോരുത്തരിലും തിരുസ്സഭയിൽ ആകപ്പാടെയും അതിന്റെ ശക്തിയേയും, അതിൽനിന്നുളവാകുന്ന സന്തോഷത്തേയും സംശയമെന്യേ വർദ്ധിപ്പിക്കുന്നു. നാം ചെയ്യുന്ന ഒരു കൃത്യം, മററാളുകൾ സഹായിക്കാനുള്ളപ്പോൾ ഉത്സാഹപൂർവ്വം നിർവ്വഹിക്കുക പതിവാണല്ലൊ. അപ്രകാരംതന്നെ വിശ്വാസം സംബന്ധിച്ചും നമ്മെ അനുകരിക്കുന്നതിനു മററനവധി ആളുകൾ ഉണ്ടായാൽ അതിനു മാററു കൂട്ടുന്നതാണ്. യോജിപ്പുകൊണ്ടു വിശ്വാസപ്രമാണത്തിന്റെ അർത്ഥം ലഘുവായി പോകുന്നതല്ല. പൊതുവായ യോജിപ്പുകൊണ്ടു നാം തന്നെ നിർമ്മിച്ചതോ അല്ലെങ്കിൽ മൂന്നൂറു ശതാബ്ദങ്ങൾക്കു മുമ്പു മതവിരോധികളാൽ നിർമ്മിതമായതോ ആയ വിശ്വാസത്തെയല്ല നാം സ്വീകരിക്കുന്നത്. നാം അനുസരിച്ചു വരുന്ന വിശ്വാസം പന്തക്കുസ്താ ദിവസത്തിൽ ശ്ലീഹന്മാരുടെ മേൽ ഇറങ്ങുകയും ഇന്നുവരെ അതിനെ ഭംഗംകൂടാതെ സംരക്ഷിക്കയും, ദൈവത്തിന്റെ യഥാർത്ഥ വചനമായി ശതാബ്ദങ്ങൾ തോറും പ്രചരിപ്പിക്കയും ചെയ്യു പരിശുദ്ധാത്മാവിൽ നിന്നുത്ഭവിച്ചിട്ടുള്ളതാകുന്നു. ഒരു വിശ്വാസത്തിന്റെ കാരണകർത്താവു ഏതു തരത്തിൽപെട്ടവനെന്നും അതു നിർമ്മിതമായതു ഏതു കാലത്തെന്നും മനസ്സിലാക്കിക്കഴിഞ്ഞാൽ പിന്നെ മനസ്സുഖമുണ്ടാകുന്നതെങ്ങിനെ? അല്ലെങ്കിൽ ഏക തിരുസഭയുടെ യാഥാർത്ഥ്യം സംബന്ധിച്ചും പരിശുദ്ധാത്മാവിയുടെ സഹകരണത്തെക്കുറിച്ചുള്ള അവന്റെ ബോധം എപ്രകാരമുള്ളതായിരിക്കും? ശ്ലീഹന്മാരുടെ കാലം മുതലെ തുടങ്ങിയുള്ളതും അവരുടെ കാലം തുടങ്ങിയുള്ള എല്ലാ ക്രിസ്ത്യാനികളും അനുസരിച്ചുപോന്നിട്ടുള്ളതുമായ വിശ്വാസത്തോടു നമ്മുടെ വിശ്വാസം ഒക്കുന്നെങ്കിൽ അതു വലിയ ആശ്വാസംതന്നെ. നേരെ മറിച്ചാണെങ്കിൽ ഭയപ്പെടേണ്ടതായുമുണ്ട്.

ഒരു ദൈവം മാത്രം ഉള്ളതുപോലെ ഒരു വിശ്വാസമേ ഉണ്ടാകുവാൻ പാടുള്ളൂ. ആകയാൽ സത്യവിശ്വാസം ഒന്നേ ഉള്ളൂ എന്നും അതിനോടൊക്കുന്ന വിശ്വാസപ്രമാണം പലതാകുവാൻ പാടുള്ളതല്ലെന്നും തെളിവാകുന്നു. ഏകദൈവവും ഏകമാർഗ്ഗവും, ഏകസത്യവും, ക്രിസ്ത്യാനികളെയെല്ലാവരേയും ദൈവത്തിന്റെ ഏക തിരുസഭയായി സംഘടിപ്പിക്കുന്ന ഏക മതസ്വീകരണവുമേ പാടുള്ളൂ എന്നു എല്ലാ തലമുറകളും എല്ലാ ശതാബ്ദങ്ങളും വിളിച്ചുപറയുന്നു. സ്രഷ്ടാവായ ഒരു ദൈവമേ ഉള്ളൂ എന്നും, ഒരു പരിശുദ്ധാത്മാവും ഒരു സത്യതിരുസഭയുമേ ഉള്ളൂ എന്നും അതിൽ മാത്രം പുണ്യവാന്മാരുടെ യോജിപ്പും ദോഷങ്ങളുടെ പൊറുതിയും നിത്യായുസ്സും ഉള്ളൂ എന്നും അറിയിക്കുന്ന സ്വരമേ കേൾപ്പാനുള്ളൂ. ഈ സ്വരം ശ്ലീഹന്മാരുടെ കാലം മുതൽ ഇന്നുവരെയും ധ്വനിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞുപോയ നൂററാണ്ടുകളും തലമുറകളും ഇതുതന്നെ പറയുന്നു. കല്ലറകളിൽ നിന്നും ആകാശത്തിൽ നിന്നും പാതാളങ്ങളിൽ നിന്നും ഇതുതന്നെ കേൾക്കുന്നു. ഒരു ദൈവം, ഒരു മിശിഹാ, ഒരുവിശ്വാസം, ഇതു ലോകാവസാനത്തോളം കേൾക്കപ്പെടുകയും ചെയ്യും. ഒരു സത്യവിശ്വാസത്തിന്റെ യഥാർത്ഥസ്വീകരണത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നവർ പൂർവ്വക്രിസ്ത്യാനികളോടും ആധുനിക ക്രിസ്ത്യാനികളോടും, ഭവിഷ്യക്രിസ്ത്യാനികളോടും സംബന്ധമുള്ളവരും തൻനിമിത്തം ദൈവത്തിന്റെ യഥാർത്ഥരാജ്യത്തിൽ ഉൾപ്പെട്ടിരിക്കുന്നവരും ആകുന്നു. ആകാശവും ഭൂമിയും സൃഷ്ടിച്ച ഏക സത്യദൈവത്തെയും നമ്മുടെ നാഥനും രക്ഷകനും ആയ മിശിഹായെയും, പരിശുദ്ധാത്മാവിയെയും, സത്യതിരുസഭയെയും, നിത്യായുസ്സിനെയുംകുറിച്ചു അവർ സധൈര്യം വേല ചെയ്യുകയും ഇങ്ങനെ സത്യവിശ്വാസത്തിനും അതിന്റെ സ്വീകരണത്തിനു പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങൾക്കും അവർ ഭാഗഭാക്കുകളായിത്തീരുകയും ചെയ്യും.

[illegible]

## വിശുദ്ധ കുർബ്ബാന.

നവീകൃതമായ കർമ്മലീത്താ സഭയുടെ പിതാവും വിശുദ്ധ അമ്മത്രേസ്യായുടെ സഹായിയും ആയിരുന്ന വിശുദ്ധ യോഹന്നാൻക്രൂസ് പരിശുദ്ധ കുർബ്ബാനയുടെ അതിഭക്തനായ ഒരാളായിരുന്നു. ഇദ്ദേഹം ശൈശവം മുതല്ക്കേ ഈ ഭക്തിയിൽ വിശേഷമായി അഭ്യസിച്ചിരുന്നു. തന്റെ പഠനത്തിന്റെയും രോഗശാലയിലെ പരിചരണത്തിന്റെയും സമയം ഒഴിച്ചുബാക്കി കിട്ടുന്ന സമയമെല്ലാം മനുഷ്യരുടെ പേരിലുള്ള സ്നേഹത്താൽ വിശുദ്ധ കുർബ്ബാനയിൽ ബന്ധനസ്ഥനായിരിക്കുന്ന തന്റെ ദിവ്യരക്ഷകന്റെ സന്നിധിയിൽ പോയി പ്രാർത്ഥിക്കുക പതിവായിരുന്നു. ഈ പുണ്യബാലൻ ദിവ്യകാരുണ്യം ഉൾക്കൊള്ളുവാൻ അടുത്തിരുന്നപ്പോൾ താൻ ഒരു മാലാഖായെന്നു കാണികൾക്കു തോന്നുമാറു അത്രയും ഭക്തിയും വിനയവും മുഖപ്രസാദവും ഇയാളിൽ വിളങ്ങിയിരുന്നു. ദൈവവിളിയനുസരിച്ചു കർമ്മലീത്താസഭയിൽ ചേർന്നതിന്റെ ശേഷം ഇദ്ദേഹത്തിന്റെ ദിവ്യകാരുണ്യഭക്തി എത്രയോ മടങ്ങധികം വർദ്ധിച്ചിരുന്നു എന്നു പറയേണ്ടതില്ല. സൂര്യകാന്തിപുഷ്പം സദാ സൂര്യനെ നോക്കിക്കൊണ്ടു നില്ക്കുന്നതുപോലെ വിശുദ്ധ യോഹന്നാനും ഏതു ജോലിയിലും വിഷയത്തിലും ഏർപ്പെട്ടിരുന്നാലും കത്തോലിക്കാസഭയെ പ്രകാശിപ്പിച്ചു ജീവൻ നൽകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗീയ സൂര്യനായ ദിവ്യകാരുണ്യ ഈശോയുടെ നേരെ തന്റെ ചിന്തയും ആഗ്രഹവുമെല്ലാം വെച്ചിരുന്നു. ഈ ദിവ്യജ്ഞാനത്തിന്റെ സിംഹാസനത്തിൽ നിന്നു പ്രാപിച്ചിരുന്ന സ്വർഗ്ഗീയപ്രകാശത്താൽ പുണ്യത്തിൽ എന്നപോലെ ശാസ്ത്രത്തിലും ഈ ദേഹം അതിശയമാംവണ്ണം അഭിവൃദ്ധി പ്രാപിച്ചിരുന്നു. ഇപ്രകാരം പഠനം പൂർത്തിയായ ശേഷം ഗുരുപ്പട്ടമേറ്റു തന്റെ നവപൂജാർപ്പണത്തിനുള്ള ഒരുക്കമായി. ഈ മഹോന്നതമായ കർമ്മാനുഷ്ഠാനത്തിനു എപ്രകാരമുള്ള ഭക്തിതീക്ഷ്ണതയോടും സ്നേഹത്തോടും കൂടിയാണു ഒരുങ്ങിയതെന്നുള്ളത് വിവരിക്കുന്നതിനേക്കാൾ എളുപ്പം ഊഹിക്കുകയാണെന്നാണു ചരിത്രകാരന്മാർ പ്രസ്താവിക്കുന്നത്. ഇങ്ങനെ ആ ഏകാന്തദിനങ്ങളെ ഇടവിടാതുള്ള ജപധ്യാനങ്ങളിലും ദൈവസംഭാഷണങ്ങളിലും നിമഗ്നനായി കഴിച്ച ശേഷം ഇതാ ആ ഭാഗ്യപ്പെട്ട സമയം വന്നു. അപ്പോൾ ഭൂലോകദോഷഹനനംചെയ്യുന്ന ദിവ്യ കുഞ്ഞാടിനെ ആദ്യമായി പൂജിക്കുന്നതിനായി ബലിപീഠത്തിൽ പ്രത്യക്ഷനായ ഈ മഹാത്മാവിനെ കണ്ടിരുന്ന ആളുകൾക്കു മനുഷ്യജഡത്തിൽ കാണപ്പെട്ട ഒരു സ്രാഫ് മാലാഖായെന്നത്രെ തോന്നിയിരുന്നത്. യാതൊരു ചാവുദോഷവും ചെയ്യാതെ, തന്റെ കുറവില്ലായ്മയെന്ന വെള്ള വസ്ത്രത്തെ മരണപര്യന്തം നിർമ്മലമായി കാക്കുന്നതിനുള്ള വിശേഷവരം മുമ്പു പലപ്പോഴും അപേക്ഷിച്ചിട്ടുള്ളതുപോലെ ഇപ്പോഴും പൂർവ്വാധികം ഭക്തിയോടും നെടുവീർപ്പുകളോടുംകൂടെ തിരു ഓസ്തിയെ കൈയ്യിൽ എടുത്തുകൊണ്ടു ആവർത്തിച്ചപേക്ഷിച്ചു. അപ്പോൾ "നീ എന്നോടു അപേക്ഷിച്ചതിനെ നിനക്കു ഞാൻ നൽകുന്നു" എന്നുള്ള ഏറ്റവും മധുരമായ ഉത്തരം കേൾക്കയും ഉണ്ടായി. അതേസമയംതന്നെ പരവശനായിത്തീരുകയും തനിക്കു സിദ്ധിച്ച സ്വർഗ്ഗീയവരത്തിന്റെ ലക്ഷ്യമെന്നു തോന്നുമാറു ഒരു മാലാഖയുടെ കരംകൊണ്ടു തന്റെ അരം കെട്ടപ്പെടുന്നതായി ദർശിക്കയും ചെയ്തു. അന്നു മുതൽ വിശുദ്ധ കുർബ്ബാനയുടെ നേർക്കുള്ള ഭക്തിയിൽ എത്രയോ ഉപര്യുപരിയായി വർദ്ധിച്ചുവന്നു എന്നുള്ളത് അവർണ്ണനീയംതന്നെ. ഒരു ദിവസം ബായെസ്സാ എന്ന ആശ്രമദേവാലയത്തിൽ ദിവ്യപൂജ അർപ്പിച്ചിരുന്ന സമയം തന്റെ ഉള്ളിൽ അനുഭവിച്ചിരുന്ന ആദ്ധ്യാത്മചലനങ്ങളെ അടക്കുന്നതിനു അതിയായി ശ്രമിച്ചെങ്കിലും സാധിക്കാതെ പരവശനാവുകയാണുണ്ടായത്. വിശുദ്ധ ഓസ്തിയെ ഉൾക്കൊണ്ട ശേഷം 'കാസ' കൈയ്യിൽ എടുത്തുകൊണ്ട് അത്ഭുതപാരതന്ത്ര്യനായി നിന്നുപോയി. കുറെ കഴിഞ്ഞപ്പോൾ ഒരു പ്രകാരം പൂർവ്വസ്ഥിതിയെ പ്രാപിച്ചു എങ്കിലും എന്താണു സംഭവിച്ചതെന്നറിയാതെ തിരുരക്തം പാനംചെയ്യാതെയും പൂജാ

കർമ്മം പൂർത്തിയാക്കാതെയും ബലിപീഠത്തിൽ നിന്നിറങ്ങിപ്പോന്നു. ഇതു കണ്ടിരുന്ന ജനങ്ങൾക്കു എത്രമാത്രം അതിശയം തോന്നിയിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. അവർ പുണ്യവാന്റെ പക്കൽ ഓടിക്കൂടിയപ്പോൾ മാത്രമെ അദ്ദേഹത്തിനു കാര്യം മനസ്സിലായുള്ളു. അപ്പോൾ അവരുടെ സഹായത്തോടുകൂടെ വീണ്ടും ബലിപീഠത്തിങ്കൽ ചെന്നു കുർബാന മുഴുവനാക്കുകയും ചെയ്തു.

വേറൊരവസരത്തിൽ ആവിലായിലെ ഒരു കർമ്മലീത്താ മഠത്തിന്റെ കപ്പേളയിൽ കുർബാന ചൊല്ലിയിരുന്നപ്പോൾ തിരുഓസ്തി ഉയർത്തിയ സമയം പരവശനാവുകയും ആ സ്ഥിതിയിൽ തന്നെ വലിയ പ്രകാശം വീശിക്കൊണ്ടു വളരെ നേരം നിൽക്കുകയും ഉണ്ടായി. ഈ അതിശയം ഏററം നല്ലതിൻവണ്ണം കാണുന്നതിനായി ആളുകൾ അടുത്തു ചെന്നു നോക്കിയാറെ, ബലിപീഠം ആസകലം പ്രശോഭിതമായിരിക്കുന്നതു കണ്ടു. പുണ്യവാനാവട്ടെ ഈ സംഭവമൊന്നും അറിയാതെ കൈയ്യിൽ ഉയർത്തിപ്പിടിച്ചിരുന്ന തിരുഓസ്തിയെ നോക്കി അതിയായ ഭക്തിയോടും എരിവോടുംകൂടി നിശ്ചലനായി ആരാധിക്കയാണു ചെയ്തിരുന്നതു്. കുർബാനയുംമററും കഴിഞ്ഞശേഷം മഠത്തിന്റെ ശ്രേഷ്ഠത്തിയമ്മ തന്നെ കാണ്മാൻ വന്നപ്പോൾ "ബ. പിതാവെ! ഇന്നു കുർബാന നേരത്തു എന്താണു സംഭവിച്ചതു്? ഞങ്ങളെല്ലാം കണ്ടു, ഇനി ഒന്നും മറയ്ക്കുവാൻ പാടില്ല" എന്നു പറഞ്ഞതിനു വിശുദ്ധൻ നെടുവീർപ്പിട്ടുകൊണ്ടു "ദൈവം അങ്ങെ വലിയ മഹത്വത്തെ ഏററവും തെളിവായി എനിക്കു കാണിച്ചതിനാൽ കുർബാന തുടർന്നു ചൊല്ലുവാൻ എനിക്കു പാടില്ലായിരുന്നു" എന്നാണു ഉരിച്ചതു്. ഇദ്ദേഹംതന്നെ ദ്രുവെല്ലാ ആശ്രമത്തിൽ താമസിച്ചിരുന്ന ഒരവസരത്തിൽ ഒമ്പതു മൈൽ ദൂരെപോയി ഒരു പ്രസംഗം ചെയ്തശേഷം നിഷ്പാദുകനായി നടന്നു രാത്രിയോടുകൂടിയത്രെ ആശ്രമത്തിൽ മടങ്ങി എത്തിയതു്. അപ്പോൾ ഇത്ര ദീർഘമായയാത്ര മുഖാന്തരം വളരെ ക്ഷീണവും ആലസ്യവും ഉണ്ടായിരുന്നെങ്കിലും സത്യമായി വിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന തന്റെ പ്രിയ കർത്താവിന്റെ സാന്നിദ്ധ്യത്തിൽ നിന്നു വേർതിരിക്കാൻ പാടില്ലാത്തവണ്ണം അത്ര വലിയ സ്നേഹത്താൽ ആകർഷിക്കപ്പെടുകയാൽ പീഠത്തിന്റെ ചുവട്ടിൽ തന്റെ പുറംകുപ്പായത്തെ തലയിണയായി ഉപയോഗിച്ചുകൊണ്ടു ലഘുവായി വിശ്രമിക്കുകയും ചെയ്തു. അസാമാന്യമായ ഈ ദിവ്യകാരുണ്യഭക്തി നിമിത്തം ഇദ്ദേഹത്തെ വിശുദ്ധ കുർബാനയുടെ ഒരു 'സ്രാപ്പ്' എന്നുകൂടി വിളിക്കമാറുണ്ട്.

മ.ദ്ധ. 2. ഡ

## വിശുദ്ധ യൌസേപ്പു പിതാവ്.

(8)

മാർ യൌസേപ്പ് ഔദാര്യാനുകമ്പാദി സുകൃതങ്ങളിലും പ്രതിരൂപിക്കപ്പെട്ടിരുന്നു.

ധാന്യസുഭിക്ഷതയോടു കൂടിയ ആ ഏഴുവർഷക്കാലത്തിനിടക്കു പൂർവ്വയൌസേപ്പിനെപ്പററി സ്മരിച്ചിരുന്നവർ വളരെ ചുരുക്കമായിരുന്നു. മാത്രമല്ല, ഏജിപ്തിലുള്ള കളപ്പുരകളിൽ ഇങ്ങനെ കേവലം അനാവശ്യകമായി ഇത്രവളരെ ധാന്യം സംഭരിച്ചുവരുന്നതു് അനുചിതമാണെന്നു കരുതി ചിലർ തന്നെ പുശ്ചിക്കുന്നതിനും മടിച്ചിരുന്നില്ല. എങ്കിലും ആ ഭാവമൊക്കെമാറി ധാന്യം ഇല്ലാതായി. രാജ്യത്തിൽ വലിയ ക്ഷാമം ആരംഭിച്ചു; അപ്പോൾ ജനങ്ങൾ ഫറഓന്റെ അടുക്കൽ ആവലാതിപ്പെട്ടു. "യൌസേപ്പിന്റെ അടുക്കൽ ചെന്നു അദ്ദേഹം ആജ്ഞാപിക്കുന്നതുപോലെ ചെയ്യുവിൻ" എന്നായിരുന്നു ഫറഓന്റെ കല്പന. യൌസേപ്പോ എന്നാൽ അവരുടെ ആവശ്യാർത്ഥം ധാന്യശാലകൾ തുറക്കയും ചെയ്തു. തന്നോടു നന്ദിഹീനരായി വർത്തിക്കുന്നവർക്കുപോലും ആവശ്യപ്പെടുന്ന സമയങ്ങളിൽ മാർ യൌസേപ്പു ചെയ്യുന്ന സഹായോപകാരങ്ങൾ അത്രെ ഇവിടെ സൂചിപ്പിക്കപ്പെടുന്നതു്.

പൂർവ്വയൌസേപ്പു ഏഴുകൊല്ലം മാത്ര

മെ സങ്കടപ്പെടുന്നവരെ സഹായിപ്പാനായി ധാന്യശേഖരം ചെയ്തുള്ളു. നമ്മുടെ പിതാവായ മാർയൗസേപ്പൊ എന്നാൽ തന്റെ ജീവിതകാലം മുഴുവനും തന്റെ സഹോദരങ്ങളെ പുലത്തുവാനായി യോഗ്യതാസംഭരണം ചെയ്തുകൊണ്ടിരുന്നു. അതിനാൽ ആത്മാക്കളുടെ ദീനസ്വരങ്ങൾ ആകാശപടലങ്ങളെ അതിക്രമിച്ചു ചെല്ലുമ്പോൾ "നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ" എന്നത്രെ ദൈവം അരുളിച്ചെയ്യുന്നതു്. പൂർവ്വയൗസേപ്പു ചെയ്തതുപോലെ ഭൌതികമായിട്ടോ ലൌകികമായിട്ടൊ ഉള്ള ഭണ്ഡാഗാരങ്ങളെ മാത്രമല്ല നമ്മുടെ നായകൻ തന്റെ സഹോദരങ്ങളായ നമുക്കായിട്ടു തുറന്നുതരുന്നതു്. പിന്നെയോ ആദ്ധ്യാത്മികവും അനന്തവുമായ നിക്ഷേപങ്ങളെയുമത്രെ നമ്മുടെ അധീനതയിലാക്കുന്നതു്. ഈജിപ്തിൽ യൗസേപ്പുണ്ടായിരുന്നിടത്തു ക്ഷാമം ബാധിച്ചില്ലാ എന്നു വിശുദ്ധ ലിഖിതത്തിൽ പറയപ്പെട്ടിരിക്കുന്നു. എന്നാൽ തിരുസഭ മുഴുവന്റെയും നായകത്വം താൻ വഹിച്ചിരിക്കകൊണ്ടു മാർ യൗസേപ്പു സർവ്വത്ര ഉണ്ടായിരിക്കുന്നു. അതിനാൽ തന്നെ നാമെവരുടേയും ആവശ്യങ്ങളിൽ— പ്രത്യേകം ആത്മീയങ്ങളായവയിൽ— തന്റെ സാഹായ്യം എല്ലായ്പ്പോഴും നമുക്കു ലഭിക്കുന്നതുമാണു്. ഇതപ്പററി വിശുദ്ധ ബെർണർദീൻ ദെസീനാ എന്ന മഹാ പുണ്യവാൻ ഇങ്ങനെ പറയുന്നു. "സ്വാഭാവികജീവനെ പരിരക്ഷിക്കുന്നതും ഈജിപ്തുകാർക്കു മാത്രം ഉപകരിക്കുന്നതും ആയ അപ്പത്തെയല്ലാ മാർ യൗസേപ്പു പിതാവു നൽകുന്നതു്. പിന്നെയോ ആ സ്വർഗ്ഗീയ അപ്പത്താൽ തന്റെ സഹോദരങ്ങളായ നമ്മെ പോററുന്നതിനും നമുക്കു നിത്യായുസ്സിനെ പ്രദാനം ചെയ്യുന്ന മിശിഹായെ നാം അറിയുന്നതിനും താൻ ശുഷ്കാന്തിപ്പെട്ടിരിക്കുന്നു."

പൂർവ്വയൗസേപ്പിനെ തന്റെ സഹോദരന്മാർ അറിഞ്ഞില്ലായിരുന്നുവെങ്കിലും അവരുടെ പാത്രങ്ങളിൽ ധാന്യം നിറച്ചു് അതിന്റെ വില വാങ്ങിച്ചില്ലെന്നു മാത്രമല്ല അവരുടെ വഴിച്ചെലവിനു വേണ്ടപ്പെട്ട മററു സാമാനങ്ങളും കൊടുക്കയും ചെയ്തു. അതിന്റെ ശേഷം അവരുടെ കുഞ്ഞനുജനായ ബെഞ്ചമിനോടുകൂടി വരേണമെന്നു ഏർപ്പാടു ചെയ്തതനുസരിച്ചു വീണ്ടും യൗസേപ്പിന്റെ പക്കൽ അവർ വന്നു. തന്റെ വാത്സല്യഭാജനമായ ബെഞ്ചമിനെക്കണ്ടപ്പോൾ ക്ഷേമമായ ഒരു വിരുന്നു തന്റെ സ്വന്തം മുറിയിൽ ഒരുക്കുന്നതിനു യൗസേപ്പു ആജ്ഞാപിച്ചു. ഈ സന്ദർഭത്തിൽ യൗസേപ്പിന്റെ നിഷ്കളങ്കമായ ഹൃദയതലത്തിൽ ഇതേവരെയും കെട്ടിനിറുത്തിയിരുന്ന ആ സ്നേഹസരിദ് പ്രവാഹത്തിനു മാർഗ്ഗം കൊടുക്കാതെ നിവൃത്തിയില്ലെന്നായി. ഉടനെ താൻ അവരോടു ഇങ്ങനെ പറഞ്ഞു. "ഞാൻ നിങ്ങളുടെ സഹോദരനായ യൗസേപ്പാകുന്നു. നിങ്ങളുടെ രക്ഷക്കായി ദൈവം എന്നെ ഇപ്രകാരമാക്കി. നിങ്ങൾ ഒട്ടും തന്നെ ഭയപ്പെടേണ്ടതില്ല ഫറോരാജാവിന്റെ പിതാവിനെപ്പോലെ എന്നെക്കരുതി അദ്ദേഹത്തിന്റെ ഗൃഹാധികാരം എനിക്കു നൽകിയതു ദൈവം തന്നെയാകുന്നു." ഇങ്ങനെ പറഞ്ഞു താൻ അവരെ ആശ്ലേഷിച്ചു ചുംബിക്കയും ചെയ്തു. അനന്തരം തന്റെ പിതാവായ യാക്കോബിനെ വരുത്തി സഹോദരന്മാർ സഹിതം യൗസേപ്പു അദ്ദേഹത്തെ ഫറോന്റെ അടുക്കൽ കൊണ്ടുചെല്ലുകയും ഫറോൻ അത്യന്തം സന്തോഷത്തോടെ ഗസ്സൻ എന്ന ഫലപുഷ്ടിയുള്ള പ്രദേശം യാക്കോബിനും തന്റെ പുത്രന്മാർക്കുമായി സമ്മാനിക്കയും ചെയ്തു. ഈ സംഭവത്തിലും മാർ യൗസേപ്പു പിതാവു് സവിശേഷം രൂപീകരിക്കപ്പെടുന്നുണ്ടു്. തന്റെ സാഹായ്യത്തെ അപേക്ഷിക്കുന്നവർക്കു അതു അവരുടെ പ്രതീക്ഷയെക്കവിഞ്ഞുള്ള വിധത്തിൽ ലഭിക്കുന്നു. തന്റെ പക്കൽ വരുന്ന നിഷ്കളങ്കന്മാരെയും അനുതാപികളായ പൂർവ്വദുഷ്ടന്മാരെയും താൻ സ്വീകരിക്കുന്നതാണു്. ദൈവാനുഗ്രഹത്തിന്റെ ആ വലിയ വിരുന്നിനെ ഇവർക്കായിട്ടു താൻ ഒരുക്കുന്നു. "നിങ്ങളുടെ സഹോദരനായ യൗസേപ്പാകുന്നു ഞാൻ; നിങ്ങളെ ഞാൻ രക്ഷിച്ചുകൊള്ളാം; രാജാക്കന്മാരുടെ രാജാവിന്റെ പിതാവായി ദൈവം എന്നെ നിശ്ചയിച്ചു. തന്റെ ഗൃഹമായ തിരുസഭ മുഴുവനേയും ദൈവം എന്നെ ഏല്പിച്ചിരിക്കുന്നു." ഇപ്രകാരം പറഞ്ഞു

കൊണ്ടു എല്ലവരേയും താൻ ആലിംഗനം ചെയ്യുകയും സ്വൎഗ്ഗീയ സിംഹാസനത്തിങ്കലേക്കു അവരെ ആനയിച്ച് പരിശുദ്ധന്മാരുടെ രാജ്യമായ പറുദീസാ അവൎക്കു കിട്ടുന്നതിനു മദ്ധ്യസ്ഥത വഹിക്കയും ചെയ്യുന്നു.

എന്നാൽ ഏവംവിധമുള്ള സൌഭാഗ്യത്തിനു നാം പാത്രീഭവിക്കേണമെങ്കിൽ ഫറവോന്റെ അടുക്കൽ അവലാതിപ്പെട്ടവരോടു "നിങ്ങൾ യൌസേപ്പിന്റെ പക്കൽ പോയി താൻ ആജ്ഞാപിക്കുന്നതുപോലെ ചെയ്യുവിൻ" എന്നു കല്പിച്ചതനുസരിച്ചു നമ്മളും പ്രവൎത്തിക്കേണ്ടിയിരിക്കുന്നു. ഇതുപോലെയാകുന്നു ദൈവം നമ്മോടു അരുളിച്ചെയ്യുന്നതും. എന്നാൽ മാർ യൌസേപ്പിന്റെ ആജ്ഞാപനം എന്താകുന്നു? വാഗ്മനോ കൎമ്മങ്ങളാൽ താൻ ചെയ്തതുപോലെ ദൈവതിരുമനസ്സിനെ നിറവേറുക എന്നു മാത്രമാകുന്നു നാം ആജ്ഞാപിക്കപ്പെടുന്നതു്. ഇതു നിവൎത്തിക്കാതെ തന്റെ സാഹായ്യോപകാരങ്ങൾ നമുക്കു ലഭിക്കുന്നതല്ല. എന്നാൽ ദൈവകല്പനകളെ അനുസരിച്ചു ജീവിതം കഴിക്കുന്നവൎക്കു "നിന്റെ പിതാവിന്റെ ആശീൎവ്വചനങ്ങൾ നിന്റെ പിതൃപിതാക്കന്മാരുടെ (അബ്രാഹമിന്റെയും ഇസ്സഹാക്കിന്റെയും) ആശീൎവ്വചനങ്ങളോടുകൂടി ബലപ്പെട്ടതായിരിക്കട്ടെ" എന്നും "അനാദിമുതൽക്കെ ആഗ്രഹിക്കപ്പെട്ടവന്റെ ആവിൎഭാവംവരെ ഈ ആശീൎവ്വചനങ്ങൾ യൌസേപ്പിന്റെ മേലും തന്റെ സഹോദരന്മാരുടെ ഇടയിൽ അനസരേത്തുകാരന്റെ കിരീടത്തിന്മേലും ഉണ്ടായിരിക്കട്ടെ" എന്നും ഉള്ള യാക്കോബിന്റെ പ്രവചനാശീൎവ്വാദങ്ങളുടെ ഫലങ്ങളായ ഇഹലോകപരലോക സൌഭാഗ്യങ്ങൾ അനുഭവസിദ്ധമായിത്തീരുന്നതാണ്. അനാദിയിലെ ആഗ്രഹിക്കപ്പെട്ടവനെ (മിശിഹായെ) ദൎശിക്കുന്നതിനു പൂൎവ്വയൌസേപ്പിനു കഴിഞ്ഞില്ല. അതുകൊണ്ടു യാക്കോബിന്റെ ഈ ആശീൎവ്വചനം സംപൂൎത്തിയായതു മാർ യൌസേപ്പിൽ ആകുന്നുവെന്നു വിശുദ്ധ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. എന്തെന്നാൽ പരിശുദ്ധ കന്യക കഴിഞ്ഞാൽ മ്ശിഹായെ ആദ്യമായി ദൎശിക്കുന്നതിനും തന്റെ കരങ്ങളിൽ എടുത്തു പരിലാളിച്ചു ചുംബനം ചെയ്യുന്നതിനും തന്റെ പുത്രനായി വളൎത്തുന്നതിനും മാർ യൌസേപ്പിനു ലഭിച്ച ഭാഗ്യം അന്യനു പ്രാപിപ്പാൻ നിവൃത്തിയുള്ളതല്ല. തന്മൂലമാണു യൌസേപ്പിനു തന്റെ സഹോദരന്മാരെക്കാൾ പ്രാധാന്യം യാക്കോബ് പ്രവചിച്ചതും.

ഇങ്ങനെ പൂൎവ്വ യൌസേപ്പിൽ മാത്രമല്ല നമ്മുടെ കഥാനായകൻ പ്രതിബിംബീകൃതനായിരിക്കുന്നതു്. തന്റെ പുത്രനായ ഇസഹാക്കിനു ഒരു ഭാൎയ്യയെ അന്വേഷിക്കുന്നതിനായി അബ്രാഹം, തന്റെ വിശ്വസ്ത ദാസനായ എലിയേസ്സറിനെ മെസെപ്പൊത്താമിയായിലേക്കു അയക്കയും ഇയ്യാൾ റബേക്ക എന്ന സ്ത്രീരത്നത്തോടൊരുമിച്ചു തിരികെ വരികയും ചെയ്തു. മർദ്ദാക്കായി എന്നയാൾ എസ്തേർ രാജ്ഞിയുടെ പിതൃവ്യനും സംരക്ഷകനുമായിരുന്നു. ഈ എലിയേസ്സറും മർദ്ദോക്കായിയും മാർ യൌസേപ്പിനേയും, റബേക്കയും എസ്തേറും പരിശുദ്ധ കന്യകയേയും പ്രതിരൂപപ്പെടുത്തുന്നതായി കൊലറിഡ്ജ എന്ന ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. കൂടാതെ വിശുദ്ധ ലിഖിതങ്ങളിൽ മററു ചില ഭാഗങ്ങളും മാർ യൌസേപ്പിനെ പരാമൎശിക്കുന്നുണ്ടു്. "എന്റെ പ്രിയപ്പെട്ടവൻ (മ്ശിഹാ) ലില്ലിപുഷ്പങ്ങളുടെ ഇടയിൽ ജീവിക്കുന്നു" Canticles ഈ "ലില്ലിപുഷ്പങ്ങൾ" എന്നതു പരിശുദ്ധ കന്യകയേയും മാർ യൌസേപ്പിനേയും സൂചിപ്പിക്കുന്നുവെന്നു് ആബട്ട് റൂപ്പെർട്ട് എന്ന ദേഹം സാക്ഷിക്കുന്നു. ഭൂമിയിൽ നിന്നും ആകാശത്തോടു ചാരിയിരിക്കുന്നതായും അതിന്റെ മുകളിലത്തെ പടിയിൽ കൎത്താവു പ്രത്യക്ഷപ്പെട്ടിരിക്കുന്നതായും യാക്കോബ് സ്വപ്നത്തിൽ കണ്ട ആ കോവണി പരിശുദ്ധ കന്യകയും കൎത്താവിന്റെ സാന്നിദ്ധ്യത്തോടുകൂടിയ ആ അവസാനത്തെ പടി മാർ യൌസേപ്പും ആകുന്നുവെന്നും ഇദ്ദേഹം തന്നെ വ്യാഖ്യാനിച്ചിരിക്കുന്നു. അബ്രാഹം, സാറാ, ഇസഹാക്ക ഇവരിൽ തിരുക്കുടുംബത്തെ വിശുദ്ധ സഭാപിതാക്കന്മാർ ദൎശിക്കുന്നതിനാൽ അബ്രാഹം യൌസേപ്പിന്റെയും സാറാ പരിശുദ്ധ

കന്യകയുടെയും ഇസഹാക്ക മ്ശിഹായുടേയും പ്രതിഛായയത്രെ. വളരെ അലങ്കാരങ്ങളോടുകൂടിയ ഒരു ത്രിവർണ്ണശീല കൊണ്ടു ആ 'വാഗ്ദാനപ്പെട്ടകം' ആഛാദനം ചെയ്യപ്പെടുന്നതിനു ദൈവം തിരുമനസ്സായി. ഈ വിശേഷമായ തിരസ്കരണി മറിയത്തിന്റെ കന്യാത്വത്തേയും മ്ശിഹായുടെ ദൈവികോൽപാദനത്തേയും ലോകദൃഷ്ടിക്ക അദൃശ്യമാക്കിയിരുന്ന മാർ യൌസേപ്പു തന്നെയാകുന്നു.

“വാഗ്ദത്തപ്പെട്ടകം” ബന്ധിച്ച ഒരു കൃപാസനവും Prospitiatory അതിന്റെ ഇരുവശത്തും ഓരോ ദൈവദൂതപ്രതിമകളും സ്വർണ്ണംകൊണ്ടു പണിയിക്കേണമെന്നും ഈ പ്രതിമകളുടെ ചിറകുകളാൽ കൃപാസനം മൂടി സൂക്ഷിക്കപ്പെട്ടിരിക്കേണമെന്നും ദൈവം മോശയോടു കല്പിച്ചു. ഈ കൃപാസനം മ്ശിഹായേയും പ്രതിമകൾ മറിയത്തേയും യൌസേപ്പിനേയും ലക്ഷീകരിക്കുന്നു. അരിയാസ് മൊന്താനസ് എന്ന ചരിത്രകാരൻ പറയുന്നതു ഇതിൽ ഒരു പ്രതിമ ഒരു കന്യകയുടെ ആകൃതിയിലും മറേറതു പുരുഷവേഷത്തിലുമായിരുന്നുവെന്നാണ്. മുദ്രയിടപ്പെട്ട (അടച്ചിരിക്കുന്ന ഒരു പുസ്തകം വളരെ പഠിപ്പുള്ള ഒരുവന്റെ പക്കൽ കൊടുത്തിട്ടു അതു വായിക്കുന്നതിനു അയാളോടു പറഞ്ഞാൽ അടച്ചിരിക്കുന്നതുകൊണ്ടു വായിപ്പാൻ നിവൃത്തിയില്ലെന്നു അയാൾ ഉത്തരിക്കുന്നു എന്നു ഏശയ്യായുടെ ദീർഘദർശനത്തിൽ നാം കാണുന്നു. ഇതേപ്പററി വിശുദ്ധ ക്രിസോസ്തോമോസു പറയുന്നതു ഈ മുദ്രയിടപ്പെട്ട പുസ്തകം പരിശുദ്ധ കന്യകയാണെന്നും അതു കൊടുക്കപ്പെട്ടയാൾ മാർ യൌസേപ്പാണെന്നുമാകുന്നു. വീണ്ടും “ആ യുവാവ് കന്യയോടുകൂടെ ജീവിക്കും; വധുവിനെപ്പററി വരൻ സന്തോഷിക്കയും ചെയ്യും” എന്നു ഏശയ്യാ ദീർഘദർശി പ്രസ്താവിച്ചിട്ടുള്ളതു പരിശുദ്ധ കന്യകയേയും മാർ യൌസേപ്പിനേയും പററിയാകുന്നുവെന്നു മഹാ ശാസ്ത്രപാരംഗതനായ ഗെർസൺ പറയുന്നു. വിശുദ്ധ ഫ്രാൻസിസ് ഡെസാലസ് ഇങ്ങനെ എഴുതിയിരിക്കുന്നു. “പരിശുദ്ധ ത്രിത്വം ഇപ്രകാരം നിശ്ചയിച്ചു... നമ്മുടെ സഹോദരിയായ മറിയം എത്രയും വിനീതയും അകന്മഷയും ആയ ഒരു കന്യകയാകുന്നു. അവളുടെ വിവാഹത്തെപ്പററി പറയുമ്പോൾ നാമെന്താണ് ചെയ്യേണ്ടതു്? അവൾ ഒരു ഭിത്തികയാകുന്നെങ്കിൽ രജോകൃതമായ ഒരു പുറംകോട്ട അതിന്മേൽ നമുക്ക പണിയാം. അവൾ ഒരു വാതിലാകുന്നെങ്കിൽ സേദാർ പലകകൊണ്ടു നമുക്ക അതിനെ അടച്ചുകളയാം.”

പരിശുദ്ധ കന്യകയുടെയും മാർ യൌസേപ്പിന്റെയും അപലപിക്കാൻപാടില്ലാത്ത വിരക്തിയത്രെ ഇതിനാൽ വിവക്ഷിതമായിരിക്കുന്നതു്. മറിയത്തിന്റെ വ്രതത്തെ തന്റെ ഭർത്താവു കുറെക്കൂടി മഹത്വീകരിച്ചുവെന്നാണു പറയേണ്ടതു്. അതായതു ബാഹ്യമായ പരിരക്ഷ എപ്പോഴുമുണ്ടായിരുന്നു. വിശുദ്ധ കന്യകയുടെ വിരക്ത്യനുഷ്ഠാനത്തിനു തന്റെ പ്രതിജ്ഞയാൽ ഒരു സുവർണ്ണഭിത്തിക നിർമ്മിച്ചിരുന്നുവെങ്കിൽ മാർ യൌസേപ്പിന്റെ സഹവാസം അതിനു രജോകൃതമായ ഒരു പുറങ്കോട്ടയായിരുന്നു. വിശുദ്ധ ഫ്രാൻസീസ് ഡെസാലസ് ഇങ്ങനെ പ്രസ്താവിക്കുന്നു. “ഭാഗ്യപ്പെട്ട കന്യകക്ക മാർ യൌസേപ്പ് ഒരു ശക്തിമത്തായ പുറങ്കോട്ടയായിരുന്നു. വീണ്ടും വിശുദ്ധ ഫ്രാൻസിസ് ഡെസാലസ് ഇങ്ങനെ പ്രസ്താവിക്കുന്നു. “ബാഹ്യദൃഷ്ടിക്ക താൻ വിവാഹിതയാണെന്നുള്ള ഛായയിൽ തന്റെ പരിശുദ്ധിയെ അന്യൂനമായി പാലിച്ചുകൊള്ളുന്നതിനു മാർ യൌസേപ്പു അവളുടെ ഒരുത്തമ മിത്രമായിരുന്നു.” തുറക്കാൻ പാടില്ലാത്ത ഒരു വാതിലായി പരിശുദ്ധ ത്രിത്വം മറിയത്തെ പരിഗണിച്ചു. ഈ വാതിൽ അടക്കപ്പെടണം; അതു തുറക്കരുതു്; യാതൊരുത്തനും അതുവഴിയായി പ്രവേശിപ്പാനും പാടില്ല; എന്തെന്നാൽ കർത്താവു അതിലെ കടന്നു; രാജകുമാരനായിട്ടു അതു ബന്ധിക്കപ്പെട്ടുമിരിക്കുന്നു എന്നിങ്ങനെ എസക്കിയേൽ ദീർഘദർശി പറഞ്ഞിരിക്കുന്നതു പരിശുദ്ധ കന്യകയെ ഉദ്ദേശിച്ചു തന്നെയാകുന്നു. കേടുവരാത്ത സേദാർ പലകയാൽ അതിനെ ബലപ്പെടുത്തി എന്നതു മാർ യൌസേപ്പിന്റെ സഹജീവിതത്തെ സൂചിപ്പിക്കയും ചെയ്യുന്നു”.

## വി. പത്രീസിയുടെ ജീവചരിത്രം.

(തുടൎച്ച.)

ഐരിഷ്കാൎക്ക ഷാംറോക്ക് ചെടി വളരെ വാത്സല്യമായ ഒന്നാണ്. ഇതു അവരുടെ വംശാവലിയോടു ഒരു വിധത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ ഈ സ്നേഹം ന്യായമുള്ളതാകുന്നു. ഈ സംഗതിയെപ്പററി പൂൎവ്വന്മാരിൽനിന്നു കിട്ടിയിട്ടുള്ള പാരമ്പൎയ്യം, വി. പത്രീസി ജനങ്ങളെ സത്യവേദം പഠിപ്പിക്കയും വിശ്വാസസത്യങ്ങളെ പ്രതിപാദിക്കയും ചെയ്കയിൽ, ഈ ചെടിയെ ഒരുപകരണമായി ഉപയോഗിച്ചിരുന്നെന്നുള്ളതാണ്. ഒരുദിവസം എത്രയും ശ്രേഷ്ഠമായ വി. ത്രീത്വത്തിന്റെ രഹസ്യം ജനങ്ങളോടുപദേശിക്കയിൽ, ജനങ്ങൾ തന്റെ വചനങ്ങൾ ഗ്രഹിക്കുന്നില്ലെന്നു അദ്ദേഹത്തിനു മനസ്സിലായി. ആയതിനാൽ വേറെ ഒരു വിധത്തിൽ എങ്ങനെയാണ് ഗ്രഹിപ്പിക്കേണ്ടതെന്നു ആലോചിച്ചു, കീഴോട്ടു നോക്കിയപ്പോൾ അതിഭംഗിയുള്ള ഒരു ഷാംറോക്കച്ചെടി വളൎന്നു നില്ക്കുന്നതു കണ്ടു. ഉടനെ അതിന്റെ ഒരിലപറിച്ച് ജനങ്ങളെ കാണിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു. ഇതാ ഈ ചെറിയ ചെടിയെ സൂക്ഷിപ്പിൻ! അതിന്നു ഒരു ശാഖമാത്രമേ ഉള്ളു എങ്കിലും എല്ലാവിധത്തിലും സമമായിരിക്കുന്ന മൂന്നു ഇലകൾ ഉണ്ട്. അപ്രകാരം തന്നെ ദൈവം ഏകനാകുന്നു. എന്നാൽ ഏകദൈവത്തിൽ എല്ലാ കാൎയ്യത്തിലും പൂൎണ്ണമായവിധത്തിൽ സമന്മാരെങ്കിലും പരസ്പരം വെവ്വേറെ ആയിരിക്കുന്ന മൂന്നു ദൈവയാളുകൾ ഉണ്ട്. അപ്പോൾ ജനങ്ങൾക്കു പരിശുദ്ധ ത്രീത്വത്തിന്റെ സ്വഭാവത്തെക്കുറിച്ച് അധികമായ അറിവു ലഭിച്ചതിനാൽ, അവർ സ്ഥിരമായി ദൈവത്തിൽ വിശ്വസിച്ചു. തന്നിമിത്തം അന്നുതൊട്ട് ഇന്നുവരെയും അയർലണ്ടിലെ ബാലികാബാലന്മാൎക്ക് ചെറിയ ഷാംറോക്കച്ചെടി അധികമായ വാത്സല്യത്തിന് വിഷയമായി തീൎന്നിരിക്കുന്നു.

പത്രീസ്സി ടീഫ്നാളത്തേക്കു താറായിൽ വസിച്ചു. ഉത്ഥാനവാരത്തിൽ അനേകായിരം ജനങ്ങളെ ബോയിൻസ് നദിയിൽ ജ്ഞാനസ്നാനപ്പെടുത്തി. അനന്തരം ഐൎലണ്ടിലെ ബ്രഹ്മാണ്ഡമായ ബിംബം സ്ഥാപിച്ചിരുന്ന സ്ഥലംവരെ വടക്കോട്ടു യാത്രചെയ്തു. പത്രീസ്സി തന്റെ വടി അതിന്മേൽ വെക്കയിൽ അതു തലചായിച്ചു. മാത്രമല്ല അതിൽനിന്നു പിശാച് മാറിപ്പോകുന്നതു ജനങ്ങൾ കണ്ടു അവർ കോപാക്രാന്തന്മാരായിത്തീൎന്നു. ഈ വലിയ വിഗ്രഹത്തിന്റെ ചുററിലുമായി ൧൨ ചെറിയ വിഗ്രഹങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്നു. ഭൂമി പിളൎന്ന് അവയെ പകുതിഭാഗവും വിഴുങ്ങിക്കളഞ്ഞു. നമ്മുടെ വിശുദ്ധനാകട്ടെ, ആ സ്ഥലത്ത് ഒരു ദേവാലയം പണിയിച്ചു. പിന്നീടു താൻ പശ്ചിമരംഗത്തേക്കു യാത്രചെയ്ത്, വലിയതും കീൎത്തിപ്പെട്ടതുമായ ഷാനോൺ നദി കടന്നു കോൺനാട്ടു പ്രദേശത്തിലെത്തി. അപ്പോൾ പത്രീസ്സിയുടെ ഹൃദയം സന്തോഷനിമഗ്നമായിരുന്നു. അനേകം വൎഷങ്ങൾക്കുമുമ്പു സത്യവിശ്വാസത്തിന്റെ പ്രകാശം തങ്ങളുടെ പക്കലേക്കു കൊണ്ടുവരുന്നതിനു തന്നോടപേക്ഷിച്ചതു കോൺനാട്ടുനിവാസികളായിരുന്നു എന്ന് അദ്ദേഹം വീണ്ടുംവീണ്ടും ഓൎത്തിരുന്നു. വാസ്തവത്തിൽ ആ വിചാരം തന്നെ അധികമായി പ്രോത്സാഹിപ്പിക്കാതിരുന്നില്ല. ഉടൻതന്നെ വി. റാത്ത്കൎവ്വ്ക്കൻ എന്നു വിളിക്കപ്പെട്ടിരുന്ന കോൺനാട്ടു പ്രഭുക്കന്മാരുടെ വാസസ്ഥലത്തേക്കു പുറപ്പെട്ടു. റാത്ത്കൎവ്വാക്കൻ അതിവിശിഷ്ടമായ സ്ഥലമായിരുന്നതുകൊണ്ട് കോൺനാട്ടുപ്രദേശത്തിലെ താറാ തന്നെയായിരുന്നു. മിലേസ്യൂസിന്റെ മകനായിരുന്ന മുയിനാൻ ജീവിച്ചതും സംസ്കരിക്കപ്പെട്ടതും അവിടെത്തന്നെയായിരുന്നു. രാജകീയ യുദ്ധപരാക്രമിയായ ഡാത്തി, അയർലണ്ടിലെ അനേകം പ്രഭുക്കന്മാരോടും രാജാക്കന്മാരോടുംകൂടെ നിത്യമായി സമാശ്വസിക്കുന്നതും ഇവിടെത്തന്നെയാണ്. ഇക്കാലത്തും അവിടെ ഒരു വലിയ ഗുഹ കാണ്മാനുണ്ട്.

ലേഗരി രാജാവിന്നു സുന്ദരിയായ എത്തനീയ എന്നും രക്തവൎണ്ണമുള്ള ഫെഡേലം എന്നും പേരായ രണ്ടു പുത്രിമാരുണ്ടായിരുന്നു. അക്കാലത്തു അവർ വിദ്യാഭ്യാസ

ത്തിനായി റാത്ത്ക്രൂവാക്കനിൽ വസിക്കയിൽ അവരുടെ ഉപാദ്ധ്യായന്മാർ മാലോൽ എന്നും കപ്പ്ളേററ് എന്നും പേരായ രണ്ടു ദ്രുയിഡ് പൂജകന്മാരായിരുന്നു. ഒരു ദിവസം അതിരാവിലെ ഈ രണ്ടു സ്ത്രീകളും കുളിക്കുന്നതിന്നായി ക്ലവാക്ക എന്ന കിണററിന്നരികെ പതിവനുസരിച്ചു വന്നപ്പോൾ, ധവളവസ്ത്രധാരികളായ ഒരുക്കൂട്ടം മനുഷ്യരൊന്നിച്ച് ദൈവത്തോടു പ്രാർത്ഥിക്കുന്നതിനെക്കണ്ട് അത്ഭുതപരതന്ത്രകളായി. രാജകുമാരികൾ "നിങ്ങൾ ആരാകുന്നു എന്നും എവിടെനിന്നു വരുന്നു" എന്നും ചോദിച്ചു. അപ്പോൾ പത്രീസ്സി "ഞങ്ങൾ എവിടെനിന്നുവരുന്നുഎന്നു അന്വേഷിക്കുന്നതിനേക്കാൾ സത്യദൈവത്തെ അനുസരിക്കുന്നതാണ് നിങ്ങൾക്കു ഏററം നല്ലതു," എന്നു സമാധാനം പറഞ്ഞു. ഇതിന്നു മൂത്ത സഹോദരി "നിങ്ങളുടെ ദൈവം ആരാണ്. അയാൾ ആകാശത്തിലോ ഭൂമിയിലോ എവിടെയാണു വസിക്കുന്നതു. അയാൾക്കു പുത്രന്മാരും പുത്രിമാരും ഉണ്ടോ? അയാൾ സമ്പന്നനാണോ? അയാൾ ബാല്യനും സുന്ദരനുമോ, അഥവാ വൃദ്ധനോ? അയാൾ നിത്യജീവിയാണോ?" എന്നുംമററും ഇതുപോലെയുള്ള പല ചോദ്യങ്ങൾ പത്രീസ്സിയോടു ചോദിച്ചു. പത്രീസ്സി ഇതിനിപ്രകാരം മറുവടിപറഞ്ഞു. "ഞങ്ങളുടെ ദൈവം ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവാണ്. അദ്ദേഹം സർവ്വജ്ഞനാണ്. നല്ലവരെ സമ്മാനിക്കയും ദുഷ്ടരെ ശിക്ഷിക്കയും ചെയ്യുന്ന ദൈവം ഏകനേയുള്ളു അദ്ദേഹംതന്നെയാണ് സൂര്യചന്ദ്രനക്ഷത്രാദികൾക്കു പ്രകാശം നൽകുന്നതു. അദ്ദേഹത്തിനു ഏകപുത്രനേയുള്ളു. എന്നാൽ ആ പുത്രൻ പിതാവിനേക്കാൾ ഇളയവനല്ല. പിതാവോ എന്നാൽ പുത്രനേക്കാൾ മൂത്തവനും അല്ല. പരിശുദ്ധാരൂപി പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു. എന്നുമാത്രമല്ല മൂന്നു ദൈവയാളുകളും പ്രായത്തിലും ശക്തിയിലും പെരുമയിലും സമന്മാരാകുന്നു. അവർക്കു ഏകസ്വഭാവവും ഒരു ദൈവത്വവും മാത്രമേയുള്ളു. എന്നുവരികില്ല, മൂന്നാളുകളും സർവ്വത്തിലും പൂർണ്ണമായി വിഭിന്നരായിരിക്കുന്നു. ദൈവപുത്രൻ നമ്മെ വീണ്ടെടുത്തു രക്ഷിക്കുന്നതിനായി മനുഷ്യരൂപം കൈക്കൊള്ളുകയും തന്റെ കഷ്ടാനുഭവത്താലും ക്രൂരമായ കുരിശുമരണത്താലും നമ്മെ രക്ഷിക്കയുംചെയ്തു." ഇവ കേട്ടപ്പോൾ ആ കന്യകാരത്നങ്ങളുടെ ഉള്ളിൽ നമ്മുടെ രക്ഷിതാവിന്നു ശുശ്രൂഷ ചെയ്യുന്നതിന്നു അതിയായ ഒരാഗ്രഹം ഉണ്ടായി. വിശുദ്ധ പത്രീസ്സി ഇതിനെ ഗ്രഹിച്ച് നിങ്ങൾ രാജകുമാരികൾ ആകുന്നതുകൊണ്ടു മഹത്വമുള്ള രാജാവായ ദൈവപുത്രന്നു നിങ്ങളെ പ്രതിഷ്ഠിക്കുന്നതിന്നു എനിക്കാഗ്രഹമുണ്ടു എന്നു അവരോടു പറഞ്ഞു. ഞങ്ങളുടെ മനസ്സു അങ്ങനെതന്നെ. അദ്ദേഹത്തെ സ്നേഹിച്ചു സ്വർഗ്ഗത്തിൽ അദ്ദേഹത്തെ പ്രാപിക്കുന്നതിന്നു ഞങ്ങൾ എന്തു ചെയ്യണമെന്നു ഞങ്ങൾക്കു കാണിച്ചുതരിക. അദ്ദേഹത്തെ അഭിമുഖമായി കാണണമെന്നുള്ളതാണ് ഞങ്ങളുടെ (ഹൃദയത്തിന്റെ) ആഗ്രഹം. മിശിഹായുടെ ശരീരം ഉൾക്കൊള്ളാതെയും മരിക്കുന്നതിന്നു മുമ്പായിട്ടും അതു സാദ്ധ്യമല്ലായെന്നു നമ്മുടെ വിശുദ്ധൻ അരുളിച്ചെയ്തപ്പോൾ, അവർ പറഞ്ഞതിങ്ങനെയാണ്. "നിശ്ചയമായിട്ടും മിശിഹായെക്കണ്ടു ആനന്ദിക്കുന്നതിനുവേണ്ടി ഉടൻതന്നെ മരിപ്പാനാണു ഞങ്ങളുടെ ആഗ്രഹം.

രാജകുമാരികളുടെ ഹൃദയങ്ങൾ ദൈവസ്നേഹത്തിനാലും സ്വർഗ്ഗത്തിൽ പോകണമെന്നുള്ള ആഗ്രഹത്തിനാലും ജ്വലിച്ചിരുന്നതായി വി. പത്രീസ്സ് കണ്ടതിനാൽ, അവർക്കു ജ്ഞാനസ്നാനവും ദിവ്യകാരുണ്യവും നൽകി, അവരുടെ ശിരസ്സുകളിന്മേൽ ഒരു വെള്ളവസ്ത്രം ധരിപ്പിച്ചു. അപ്പോളവർ സമാധാനത്തിലും ദൈവഷ്ടത്താലും പരിപൂർണ്ണകളായി നിദ്രപ്രാപിക്കയും ആ സ്ഥിതിയിൽ മരിക്കയുംചെയ്തു. അവരുടെ ആഗ്രഹപ്രകാരം മിശിഹായെ അഭിമുഖമായി കാണുന്നതിന്നു അവരുടെ ആത്മാവുകൾ സ്വർഗ്ഗത്തിലേക്കു പറന്നു. പത്രീസ്സി ആ ഇരുപ്രേതങ്ങളെയും ഒരു മഞ്ചത്തിൽവെച്ചു ഒലേജ്ജ എന്നു പറയപ്പെടുന്ന ശ്മശാനഭൂമിയിൽ സംസ്കരിക്കയും അവിടെ അവരുടെ ശരീരങ്ങൾ പുനരുത്ഥാനത്തെ പ്രതീക്ഷിച്ചു കിടക്കയും ചെയ്യുന്നു. ഒരു നോട്ടിലെ ഒന്നാ

മത്തെ വെള്ളപ്പുഷ്പങ്ങളും ശോഭയുള്ള പീലികളും ഇവയാണ്. (തുടരും.)

ടാപ്പ് . 2 . ഫ

## വേദപ്രചാരണം.

കഴിഞ്ഞ ഏതാനും ലക്കങ്ങളിൽ വേദപ്രചാരണത്തിന്റെ ആവശ്യകതയേയും മാഹാത്മ്യത്തേയും, ഏതൽസംബന്ധമായി കത്തോലിക്കർക്കുള്ള കടമയേയും പററി പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ. ഈ വിഷയത്തെപ്പററി എത്രപറഞ്ഞാലും മതിയായി എന്നു വരുന്നതല്ല. ഇത്തവണയും ഇതിനെപ്പററി പ്രസ്താവിച്ചുകൊണ്ട്, മാന്യന്മാരും ഉദാരബുദ്ധികളുമായ വായനക്കാരുടെ ശ്രദ്ധയെ ഈ വിഷയത്തിലേക്കു വീണ്ടും ആകർഷിക്കുന്നതിനു ഞങ്ങളെ പ്രേരിപ്പിച്ചിട്ടുള്ളതു്, ദിവ്യശ്രീമാനായ ക. നി. മൂ. സ. മർസ്സീനോസച്ചൻ ഇവിടെ അയച്ചുതന്നിട്ടുള്ള ഒരു റിപ്പോർട്ടാകുന്നു. ഇക്കഴിഞ്ഞ നാലുമാസങ്ങൾക്കുള്ളിൽ ൫൨ പേർ ജ്ഞാനസ്നാനം കൈക്കൊണ്ടു എന്നും, ഇവരുടെ വസ്ത്രഭക്ഷണാദികൾക്കായി ൧൦൦ രൂപയോളം ചെലവായി എന്നും, ബാക്കി ഇരുപ്പ ൧൧ രൂപയേ ഉള്ളു എന്നും, നല്പതു പേർ വേദപാഠം ആരംഭിച്ചിരിക്കുന്നു എന്നും പ്രസ്തുത റിപ്പോർട്ടിൽനിന്നു വിശദമാകുന്നു. ഇത്ര ചുരുങ്ങിയ ചെലവുകൊണ്ടു ഇത്ര ഏറെ ആളുകളുടെ ആവശ്യങ്ങൾ സാധിച്ചു അവർക്കു മാമ്മോദീസാ നൽകി എന്നു കാണുന്നതിൽ വിസ്മയം തോന്നിപ്പോകുന്നു. എന്നാൽ ഈ നിരക്കു പ്രകാരം കണക്കാക്കിയാലും രണ്ടുപേരുടെ വേദപാഠം പൂർത്തിയാക്കുന്നതിനു കുറഞ്ഞപക്ഷം നൂറു രൂപ ആവശ്യമാണെന്നു കാണാം. അതും ഉടനടി ഉണ്ടാകേണ്ടിയിരിക്കുന്നു. ബാക്കി ഇരുപ്പ ൧൧ രൂപയേയുള്ളുതാനും. അതുകൊണ്ടു വേദാഭിമാനികളുടെ ഔദാര്യം കാലവിളംബം കൂടാതെ ഉണ്ടാകണമെന്നുള്ള അപേക്ഷയോടുകൂടിയും അപ്രകാരമുണ്ടാകുമെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടിയും പ്രസ്തുത റിപ്പോർട്ടു ചുവടെ ചേർത്തുകൊള്ളുന്നു.

ബ. മർസ്സീനോസച്ചനു നേരിട്ടുപണം അയച്ചുകൊടുക്കുവാൻ അസൌകര്യം തോന്നുന്നവർ, "കുസുമം" ആപ്പീസിലേക്കു പണം അയച്ചു തന്നാൽ, ഞങ്ങൾ അദ്ദേഹത്തെ അതു സസന്തോഷം ഏല്പിച്ചുകൊള്ളാമെന്നുകൂടി അറിവിച്ചുകൊള്ളട്ടെ.

ദാനം ചെയ്തവരുടെയും മനസ്സുതിരിഞ്ഞവരുടെയും പേരുവിവരം.

൧൦൭൯ ചിങ്ങം – ധനു.

| | രൂ. | ച. | കാ. |
|---|---|---|---|
| 1. പെ. ബ. പി. കെ. അന്തോനിയച്ചൻ അ—ൾ, | 5 | 0 | 0 |
| 2 പെ. ബ. തെള്ളിയിൽ യാക്കോച്ചൻ അ—ൾ, | 2 | 14 | 4 |
| 3. ബ. തറപ്പേൽ മാണിയച്ചൻ അവർകൾ, | 5 | 0 | 0 |
| 4. ബ. തയ്യിൽ ദേവസ്യാച്ചൻ അവർകൾ, | 5 | 0 | 0 |
| 5. ഒരു വൈദികൻ | 2 | 0 | 0 |
| 6. ബ. പോളയിൽ വലിയവീട്ടിൽ യോഹന്നാനച്ചൻ അ—ൾ, | 2 | 14 | 4 |
| 7. രാ. രാ. കൊരുവിനാക്കുന്നേൽ തൊമ്മൻ അ—ൾ, | 5 | 0 | 0 |
| 8. പെ. ബ. സെക്രട്ടരി കല്ലറസ്സൽ യാക്കോച്ചൻ | 15 | 0 | 0 |
| 9. വേറൊൾ, | 1 | 0 | 0 |
| 10. ക. നി. മൂ. സ ബ നിക്ലാവോസച്ചൻ അ—ൾ. | 5 | 0 | 0 |
| 11. സ്ഥലത്തെ പെ. ബ. പ്രിയോരച്ചൻ അ—ൾ, | 72 | 14 | 4 |
| മുന്നിരുപ്പ. | 5 | 0 | 0 |
| ആകെ | 120 | 14 | 4 |

ചെലവ്.

| | | | |
|---|---|---|---|
| 1. വേദംപഠിക്കുന്നവർക്കു ഭക്ഷണംവക ചെലവു. | 16 | 0 | 0 |
| 2. ടി. തുണിവക. | 60 | 0 | 0 |
| 3. ആശാന്മാർക്കു ശമ്പളം. | 30 | 0 | 0 |
| 4. വെന്തിങ്ങ മുതലായതു. | 3 | 0 | 0 |
| ആകെ. | 109 | 0 | 0 |
| ബാക്കി ഇരുപ്പ | 11. | 14 | 4. |

മാനസാന്തര പട്ടിക.

| | |
|---|---|
| ൧൦൭൯ കന്നി വരെ ൨മാ. മുങ്ങിയവർ. | 9 |
| ,, തുലാം ൧൫. ,, | 34 |
| ,, ധനു ൯. ,, | 9 |
| ആകെ. | 52 |
| വേദംപഠിക്കാൻ ആരംഭിച്ചിട്ടുള്ളവർ | 40 |

ഞങ്ങളുടെ വേദപ്രചാരണത്തിന്റെ കേന്ദ്രസ്ഥാനമായി തീർന്നിരിക്കുന്ന പുന്നത്ര ഈ വിഷയം സംബന്ധിച്ചു നടന്നിട്ടുള്ള ചുരുക്കം ചില സംഭവങ്ങളെ താഴെ കുറിക്കുന്നു.

൧. ഒന്നു രണ്ടു കൊല്ലങ്ങൾക്കു മുമ്പു പുതുക്രിസ്തുവരുടെ ആശാനായ ചെല്ലിഒഴുകം യൌസേപ്പു എന്ന ആളിനു ദേഹം മുഴുവനും കരപ്പൻ പിടിപെടുകയും അതിനു വളരെ ചികിത്സ നടത്തുകയും ചെയ്തിട്ടും ഒരു ഗുണവും ഉണ്ടായില്ല. ദീനം നാൾക്കുനാൾ വർദ്ധിച്ചുവന്നതേയുള്ളു. ഇങ്ങനെ ഇരിക്കെ ഒരു പരദേശവൈദ്യൻ വന്നു, ഒരു നല്ല സംഖ്യ തരാമെങ്കിൽ സുഖപ്പെടുത്താമെന്നു പറഞ്ഞു. രോഗിയുടെ പക്കൽ പണം ഒട്ടും ഇല്ലാതിരുന്നതുകൊണ്ടും വൈദ്യൻ ആവശ്യപ്പെട്ട സംഖ്യ കുറെ കൂടുതൽ ആകകൊണ്ടും ബ. പുന്നത്രപള്ളി വികാരിയച്ചൻ രോഗിയോടു "ഇത്ര വലിയ സംഖ്യകൊടുത്തു ചികിത്സിക്കാൻ നിനക്കു ശക്തിയില്ല. അതുകൊണ്ടു ദൈവത്തോടു അപേക്ഷിക്ക. അതേ ഇനി നിവൃത്തിയുള്ളു" എന്നു പറഞ്ഞു രോഗിയെ സമാധാനത്തിൽ വിട്ടു. ഇതിനിടക്കു ദീനം വളരെ ശക്തപ്പെടുകയും അവന്റെ രണ്ടു കണ്ണും പടലംകൊണ്ടു മൂടി കാഴ്ചയില്ലാതാവുകയും ചെയ്തിരുന്നു. പകൽ സമയത്തുപോലും പരസഹായം കൂടാതെ ഒരു സ്ഥലത്തേക്കും പോകുന്നതിനു പാടില്ലാതിരുന്നു. എങ്കിലും അവന്റെ മദ്ധ്യസ്ഥനായ വി. യൌസേപ്പു വഴിയായി മുട്ടിച്ചു അപേക്ഷിച്ചിരുന്നു. ഇങ്ങനെ നം. കു. പിതാവിയുടെ തല ദിവസം രാത്രി പള്ളിയിൽ പോകുവാൻ പാടില്ലല്ലോ എന്നുള്ള വിഷാദത്തോടുകൂടി പ്രാർത്ഥിച്ചുകൊണ്ടു ഉറങ്ങുവാൻ പോയി. അർദ്ധരാത്രി "യൌസേപ്പേ! നീ എഴുന്നേല്ക്ക. നിന്നെ സൌഖ്യമാക്കുവാൻ ആകാശവൈദ്യൻ വന്നിരിക്കുന്നു. എഴുന്നേല്ക്ക പള്ളിയിലേക്കു പോവുക" എന്നൊരാൾ ഉച്ചത്തിൽ വിളിച്ചു പറയുന്നതായി കേട്ടു. എങ്കിലും അതു സ്വപ്നമായിരിക്കുമെന്നു കരുതി അവിടെത്തന്നെ കിടന്നതേയുള്ളു. വീണ്ടും രണ്ടു മൂന്നു പ്രാവശ്യം ഈ സ്വരം കേട്ടതിനാൽ എഴുന്നേറ്റു മുററത്തിറങ്ങി. അപ്പോൾ കണ്ണിൽനിന്നു പാടപോലെ ഏതാണ്ടോ വീണുപോയതായി സ്പർശിച്ചു. അതേസമയം തന്നെ കാഴ്ച ലഭിക്കുകയും ആകാശത്തിലെ നക്ഷത്രങ്ങളെല്ലാം പ്രകാശിക്കുന്നതായി കണ്ടതിശയിക്കയുമുണ്ടായി. എന്നാൽ വിളിച്ചുപറഞ്ഞ ആളെ നോക്കിയിട്ടു കണ്ടില്ല. ഇതു തന്റെ മദ്ധ്യസ്ഥനായ മാർ യൌസേപ്പു വഴിയായി അനുഗ്രഹമുള്ള ദൈവം ചെയ്ത ഒരു വലിയ അത്ഭുതമെന്നു വിശ്വസിച്ചു വീട്ടിൽ കിടന്നിരുന്ന ആളുകളെല്ലാവരെയും വിളിച്ചുണർത്തി സംഭവിച്ചതെല്ലാം പറഞ്ഞറിയിച്ചു ആനന്ദസൂചകമായി എല്ലാവരും മുട്ടുകുത്തി പരിശുദ്ധ കന്യകയുടെ ജപമാല സ്നേഹബാഷ്പങ്ങളെ ചൊരിഞ്ഞുകൊണ്ടു ചൊല്ലുകയും ചെയ്തു. അതിന്റെ ശേഷം പാതിരാക്കുർബാനക്കു എല്ലാവരോടും കൂടെ ടി. യൌസേപ്പും നിഷ്പ്രയാസേന നടന്നുപോയി ദിവ്യപൂജ കണ്ടു, ഉണ്ണി കർത്താവിനും പരിശുദ്ധ മാതാവിനും മാർ യൌസേപ്പു പിതാവിനും പ്രത്യേകം പ്രത്യേകം സ്തോത്രഗീതങ്ങൾ സമർപ്പിക്കയും അത്ഭുതവൃത്താന്തമെല്ലാം സ്ഥലം പള്ളി വികാരി ബ. പൊറേറടത്തു യോഹന്നാൻ അച്ചനവർകളോടു വിവരമായി അറിയിക്കുകയും ചെയ്തു. (തുടരും.)

സൂചനം— മലയാളത്തിൽ പലെ സ്ഥലങ്ങളിലും വേദപ്രചാരണവേല നടക്കുന്നുണ്ടല്ലോ. ഓരോ സ്ഥലത്തു ഈ വിഷയം സംബന്ധിച്ചു നടന്നിട്ടുള്ളതും നടക്കുന്നതുമായ വിശേഷ സംഭവങ്ങൾ കുസുമത്തിൽ പ്രസിദ്ധീകരിക്കുന്നതായാൽ അതു വളരെ പ്രോത്സാഹകരമായിത്തീരുന്നതാണ്. ആയതിനു തൽഭാരവാഹികളുടെ ദയാപൂർവ്വമായ ശ്രദ്ധയെ സവിനയം യാചിച്ചുകൊള്ളുന്നു.

വേദപ്രചാരണവിഷയത്തിൽ ഞങ്ങളെ പലയവസരങ്ങളിൽ സഹായിച്ചിട്ടുള്ളവരും ഇപ്പോഴും സഹായിച്ചുകൊണ്ടിരിക്കുന്നവരുമായ ഞങ്ങളുടെ ദാതാക്കളുടെ ഔദാര്യത്തെ വീണ്ടും വീണ്ടും അഭിനന്ദിച്ചുകൊള്ളുന്നു.

ക. നി. മൂ. സ.

മിസ്സിയോനാസുപട്ടക്കാരൻ.

മുത്തോലി, ൧൭. ൧൨. ൧൬.



## തിരുഹൃദയ ഭക്തന്മാർ

### ൧൯൧൭ ധനുമാസത്തിൽ വെക്കേണ്ട പൊതുക്കരുതൽ.

അനുദിന ദിവ്യകാരുണ്യം സംബന്ധിച്ചു ൧൦-ാം പിയൂസ് മാർപ്പാപ്പാ പ്രസിദ്ധീകരിച്ചിട്ടുള്ള തിരുവെഴുത്ത്.

തിരുസഭയുടെ ആദിമഘട്ടങ്ങളിൽ വിശ്വാസികൾ ദിനംപ്രതി കുർബാന ഉൾക്കൊണ്ടുകൊണ്ടാണു വന്നിരുന്നത്. പൂർവ്വചരിത്രകാരനായ എവുസേബിയോസ് പറയുംപോലെ വിശ്വാസികൾ ഞായറാഴ്ചതോറും 'അപ്പം മുറിക്കുന്നതിന്നായി' ഒന്നിച്ചുകൂടുകയും ഈ വിശുദ്ധ അപ്പത്തെ (കുർബാനയെ) മററു ദിവസങ്ങളിലും ഉൾക്കൊള്ളുന്നതിന്നായി, ദൂരെനിന്നും വന്നിരുന്നവർ തങ്ങളോടു കൂടി കൊണ്ടുപോകയും ചെയ്തിരുന്നു. ഈ പതിവു, കാലക്രമേണ കുറഞ്ഞുപോയി എന്നു മാത്രമല്ല, തീരെ നിന്നുപോയി എന്നും ഊഹിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ൧൨൧൫-ൽ കൂടിയ നാലാം ലാത്തരാൻ സൂനഹദോസിൽവെച്ച്, വിശ്വാസികൾ എല്ലാവരും ആണ്ടിൽ ഒരു പ്രാവശ്യമെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കേണമെന്നു ചാവുദോഷത്തിൻ കീഴ് ഒരു നിയമം പാസാക്കേണ്ടതായിവന്നു. ത്രെന്തോസ് സൂനഹദോസ് സ്ഥിരീകരിച്ചിട്ടുള്ള ഈ നിർണ്ണയമാണു ഇപ്പോഴും പ്രാബല്യത്തിൽ ഇരിക്കുന്നതു'. തിരുസഭാചരിത്രത്തിൽ, ദിവ്യകാരുണ്യസ്വീകരണം ഏററവും കുറഞ്ഞിരുന്ന കാലം മദ്ധ്യശതാബ്ദങ്ങളാണ്. അക്കാലങ്ങളിൽ സന്യാസസഭകളിൽ ഉൾപ്പെട്ടിരുന്നവർപോലും ആണ്ടിൽ നാലും അഞ്ചും പ്രാവശ്യമേ കുർബാന ഉൾക്കൊണ്ടിരുന്നുള്ളൂ. അന്നത്തെ വിശുദ്ധന്മാരും ഈ പതിവനുസരിച്ചു പ്രവർത്തിച്ചിരുന്നു. വിശുദ്ധ ലൂയിസ് ആണ്ടിൽ ആറു പ്രാവശ്യവും, വി. എലിസബത്ത് മൂന്നു പ്രാവശ്യവും ദിവ്യകാരുണ്യം ഉൾക്കൊണ്ടിരുന്നു എന്നു കേൾക്കുന്നതു ഇപ്പോഴുള്ളവർക്കു വിസ്മയജനകമായേക്കാം.

നമ്മുടെ കർത്താവ്, അവിടുത്തെ തിരുശരീരത്തെ ഭക്ഷണമായിട്ടും, തിരുരക്തത്തെ പാനമായിട്ടും നമുക്കു കല്പിച്ചു നൽകിയതല്ലാതെ അതിനെ എത്ര കൂടക്കൂടെ നാം അനുഭവിക്കേണമെന്നു വ്യക്തമായി നിർദ്ദേശിച്ചിട്ടില്ല. ആ കാര്യം തിരുസഭ നിർണ്ണയിച്ചുകൊള്ളട്ടെ എന്നായിരിക്കാം അവിടുന്നു കരുതിയതു്. വിശ്വാസികളുടെ പുണ്യാഭിവൃദ്ധിയിൽ ബദ്ധശ്രദ്ധയായ തിരുസഭയാകട്ടെ കാലോചിതങ്ങളായ ഉപദേശങ്ങളും കല്പനകളും വഴിയായി സന്മാർഗ്ഗപാതയിൽ നിന്നു വ്യതിയാനം ചെയ്യാതിരിക്കുന്നതിനു കത്തോലിക്കരെ നിർബന്ധിച്ചുകൊണ്ടിരിക്കുന്നു. അബദ്ധബോധനങ്ങളും ദുഷ്കൃത്യങ്ങളുംകൊണ്ടു നിറഞ്ഞിരിക്കുന്ന ഈ ലസ്ഥിതിക്ക്, അടുത്തടുത്തോ അനുദിനമോ ആയ ദിവ്യകാരുണ്യസ്വീകരണം അത്യാവശ്യമാണെന്നു കണ്ടിട്ടാണു ഭാഗ്യസ്മരണാസ്സർഹനായ പത്താം പീയൂസ് മാർപ്പാപ്പാ ഏതൽസംബന്ധമായി ഒരു തിരുവെഴുത്തു പ്രസിദ്ധീകരിക്കാനിടയായതു്. ദിവസംപ്രതി കുർബാന ഉൾക്കൊള്ളുന്നതിനു, ഈ തിരുവെഴുത്തിൽ വിശദമാകുന്നതുപോലെ രണ്ടു നിബന്ധനകൾ ആവശ്യമായിരിക്കുന്നു.

ചാവുദോഷമില്ലായ്മ, സദുദ്ദേശ്യം എന്നിതുകളാണു ഈ രണ്ടു നിബന്ധനകൾ. ഇതുകൾ രണ്ടും ഒരാളിൽ ഉണ്ടോ ഇല്ലയോ എന്നു നിശ്ചയിക്കേണ്ടതു സാധാരണമായി അവൻെറ കുമ്പസാരക്കാരൻ ആകുന്നു. ഉണ്ടെന്നുകണ്ടാൽ ദിവ്യകാരുണ്യസ്വീകരണം അവനു ന്യായമായി അനുവദിക്കാതിരിപ്പാൻ പാടില്ലെന്നു മാത്രമല്ല, അതിന്നായി അവനെ പ്രേരിപ്പിക്ക

ന്നതിന്നും കുമ്പസാരക്കാരനു കടമയുള്ളതാകുന്നു. എന്നാൽ അനുദിനം കുർബാന ഉൾക്കൊള്ളുന്നവർ ഒരു സംഗതി പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ദിനംപ്രതിയുള്ള പ്രാതൽ മുത്താഴം മുതലായതുപോലെ കേവലം തഴക്കത്തെമാത്രം അടിസ്ഥാനപ്പെടുത്തി ചെയ്യേണ്ടതായ ഒരു കൃത്യമല്ലാ ഇത്. അത്രയുമല്ല, ഭക്തനെന്നു മററുള്ളവക്കു തോന്നുവാനായിട്ടും ഇതു ചെയ്യരുതാത്തതാകുന്നു. ഈവക ലക്ഷണങ്ങൾ ഉള്ളപ്പോളും, തിരുവെഴുത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഓരോരുത്തന്റെ ശക്തിക്കും, സാഹചര്യങ്ങൾക്കും അന്തസ്സിന്നും ഒത്തവിധത്തിൽ ഗൌരവമായ ഒരുക്കവും യോഗ്യമായ ഉപകാരസ്മരണയും ഇല്ലാത്തപ്പോഴും, കുർബാന ഉൾക്കൊള്ളുന്നവന്റെ നിയോഗം നല്ലതല്ലെന്നു സംശയിക്കാവുന്നതാണ്. ദിവ്യകാരുണ്യസ്വീകരണം നിത്യരക്ഷ പ്രാപിക്കുന്നതിന്നു ഏററവും എളുപ്പമുള്ള വഴിയായതുകൊണ്ടു അകാരണമായ ഭയമൊ സംശയമൊ മൂലം ഈ ദിവ്യ വിരുന്നിൽ അടുത്തടുത്തു പങ്കുകൊള്ളാതെയിരിക്കരുതെന്നു വിചാരിച്ചാണിത്രയും പറഞ്ഞത്. മാർപ്പാപ്പായുടെ ഈ തിരുവെഴുത്തു കത്തോലിക്കാലോകം മുഴുവനിലും പരന്നുകഴിഞ്ഞു. മെത്രാന്മാർ ഇതിനെ അടിസ്ഥാനപ്പെടുത്തി ഇടയലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നു. പട്ടക്കാർ പ്രസംഗംചെയ്യുന്നു. ഇതൊക്കെയായിട്ടും ദിനംപ്രതി കുർബാന ഉൾക്കൊള്ളുന്നവർ എത്രപേരുണ്ട്?. നമ്മുടെ കർത്താവു തന്നെത്തന്നെ നമുക്കു നൽകിക്കൊണ്ടു ചെയ്തിട്ടുള്ള ഈ അമൂല്യദാനത്തെപ്പററി ആഴമായി ചിന്തിക്കുന്നവർ, കർത്താവിന്റെ മേശയിൽ നിന്നു ദിനംപ്രതി അപ്പത്തെ ഭക്ഷിക്കാതിരിക്കുകയില്ല. ആകയാൽ നിത്യജീവന്റെ ഈ അപ്പത്തെ വിശ്വാസികൾ ദിവസംതോറും ഭക്ഷിക്കേണമെന്നുള്ള നമ്മുടെ പരിശുദ്ധ പിതാവിന്റെ തിരുവെഴുത്തിലെ താല്പൎയ്യം സഫലീകരിക്കുവാൻ തിരുഹൃദയഭക്തന്മാർ പ്രത്യേകം പ്രാൎത്ഥിപ്പാറാകണം.

## ലോകവർത്തമാനച്ചുരുക്കം.

ചൈനായിൽ ഷറൻഹൈയി എന്ന സ്ഥലത്തുനിന്നു ഉദ്ദേശം മുപ്പതു മൈൽ തെക്കായി ഒരു കുന്നുണ്ട്. സോക്ക് എന്ന ആ കുന്നിന്റെ ഉച്ചിയിൽ 'ക്രിസ്ത്യാനികളുടെ മാതാവ്' എന്ന നാമത്തിൽ ഒരു ദേവാലയം, പരിശുദ്ധ മറിയത്തിന്നായി പ്രതിഷ്ഠിതമായിട്ടുണ്ട്. നാല്പതു വർഷങ്ങൾക്കു മുമ്പു പണികഴിച്ചിട്ടുള്ള ഈ ദേവാലയം, 1871-ൽ കിയാങ്ങാൻ മിഷ്യന്റെ സുപ്പീരിയർ നേർന്ന ഒരു നേർച്ചയുടെ ഫലമായിട്ടാണ വിലസുന്നത്. അക്കാലത്തുണ്ടായ മതപീഡയിൽ രണ്ടു പുരോഹിതരും പത്തു കന്യകകളും വധിക്കപ്പെട്ടപ്പോൾ കത്തോലിക്കരുടെമേൽ ദൈവജനനിയുടെ പ്രത്യേക കടാക്ഷം ഉണ്ടാകുന്നതിന്നായിട്ടാണ് ഇങ്ങനെ ഒരു ദേവാലയം പണിയിക്കാമെന്നു നേർന്നതു. ആണ്ടുതോറും ഇടവമാസത്തിൽ അനവധി കത്തോലിക്കർ ചൈനായുടെ പലഭാഗങ്ങളിൽ നിന്നും ഈ ദേവാലയത്തിൽ കൂടുന്നുണ്ട്. സോക്ക് കുന്നിന്റെ അടിവാരത്തിൽ പണികഴിപ്പിച്ചിട്ടുള്ള ഒരു ചെറിയ ദേവാലയത്തിനും, ഉച്ചിയിലുള്ള വലിയ ദേവാലയത്തിനും മദ്ധ്യേ, സ്ലീവാപാതയുടെ (വീയസാക്രാ) 14 സ്ഥലങ്ങൾ സ്ഥാപിച്ചിരിക്കുന്നു.

ഈയിടെ എടുത്ത കണക്കുപ്രകാരം റോമായിലെ കാററക്കൂമ്പിലുള്ള (പാതാളകുടിരങ്ങൾ) വഴികൾക്കു 580 മയിൽ നീളമുണ്ടെന്നും അവിടെ ഒന്നരക്കോടി മൃതശരീരങ്ങൾ ഇരിപ്പുണ്ടെന്നും കാണുന്നു.

'ഫ്രയെഷ്സ് മൈനർ' എന്ന നാമത്തിൽ അറിയപ്പെട്ടിട്ടുള്ള ഫ്രാൻസീസ്ക്കാസ് സഭക്കാർക്കു മിഷ്യനറി ലോകത്തിൽ ലഭിച്ചിട്ടുള്ള സ്ഥാനം ഒട്ടും അപ്രധാനമല്ല. ചൈനായിലാവട്ടെ ഇവരുടെ മിഷ്യനറി പരിശ്രമം വന്ദനീയമായിരിക്കുന്നു. ഇവരുടെ മതബോധനങ്ങളെ സ്വീകരിക്കുന്നതിനു ചൈനാക്കാർക്കു പ്രത്യേക പ്രതിപത്തിയുമുള്ളതായി കാണുന്നുണ്ട്. ഇപ്പോഴത്തെ കണക്കുപ്രകാരം ചൈനാ

യിൽ ഈ സഭക്കാർക്കു പത്തു വികാരിയാത്തുകളുടെ ഭരണമാണുള്ളത്. ഇവയിൽ ആകെക്കൂടി, ആറുകോടി 95 ലക്ഷത്തി 24000 ജനങ്ങളുള്ളതിൽ 2 ലക്ഷത്തി 21606 പേർ കത്തോലിക്കരും ഒരു ലക്ഷത്തി 30865 പേർ ജ്ഞാനസ്നാനസ്വീകരണത്തിന്നായി മതപഠനം അഭ്യസിക്കുന്നവരുമാകുന്നു. മിഷ്യനറിമാർ 348-ം അവരുടെ അധീനത്തിൽ കപ്പേളകൾ ഉൾപ്പെടെ 1783 ദേവാലയങ്ങളുമുണ്ട്. 16 സെമ്മിനാരികളിലായി 353 പേർ വൈദികപഠനം പൂർത്തിയാക്കുന്നു. 1130 ആണ് 39 കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സംഖ്യ. പ്രാഥമിക വിദ്യാലയങ്ങളുടെ തുക 1095-ം അവിടെ പഠിക്കുന്ന കുട്ടികളുടെ സംഖ്യ 21573-ം ആകുന്നു. ഇവയിൽ 2973 ആണു കത്തോലിക്കാ കുട്ടികൾ. ഇത്ര സ്തുത്യർഹമായ ഈ ജോലിയിൽ ഒരു പ്രധാന ഭാഗം വഹിക്കുന്നത് 'സിസ്റ്റേഴ്സ് ഓഫ് മേരി' എന്ന ഫ്രാൻസിസ്കൻ കന്യകകളാണെന്നുള്ളതും സ്മരണീയമാണ്.

## ദിവ്യ ഉണ്ണീശോ മ്ശിഹായുടെ ജനനം.

(രാഗം:_ താരാട്ടു)

1) ദിവ്യയുണ്ണീശോ മ്ശിഹാ ... നല്ല
നിവ്യന്മാരെഴുതിവെച്ച,
ദീർഘദർശനത്തിനൊത്ത ... ദിനം
ദൈർഘ്യംവിനാ നീ പിറന്നു.

2) ഓമന ദിവ്യ പൈതലേ ... നല്ല
കോമളക്കുട്ടിൽ വെടിഞ്ഞു,
ഹീനമായുള്ള പുൽക്കൂട്ടിൽ ... ഏററം
ഹീനമായി നീ പിറന്നു.

3) ബേത്ലഹമിൽ പാതിരാത്രു് ... നല്ല
വെട്ടമാട്ടിടയർ കണ്ടു,
ഓടിയുടൻ കൂടി തദാ ... മോദാൽ
പാടിസ്തുതിച്ചു ശിശുവെ.

4) ഭൂസംരക്ഷണം ചെയ്യുവാൻ ... നിൻെറ
ഭൂമിഗമനം ലോകൎക്കു്,
രക്ഷ വരുത്തിയ ദിനം ... മഹാ
അക്ഷയസ്തുതികൾ നൽകി.

5) തന്മലമുകളിൽ തദാ ... ബഹു
കന്മഷംവിനാ അഖില,
സുമനസ്സുക്കളെത്രയും ... ബഹു
സുഗീതങ്ങൾ പാടിമോദാൽ.

6) എട്ടാംനാൾ കുട്ടിക്ക് ചേലാ ... കൎമ്മം
കോട്ടം യാതൊന്നുംകൂടാതെ,
ഭംഗിയിൽ കഴിച്ചശേഷം ... പിന്നെ
നല്ലദിനം പതിമ്മൂന്നിൽ.

7) നൽവാർത്ത കേട്ട മ്മഗ്ദ്രശേ ... നൃപർ
തൽശിശുവെ കുമ്പിടുവാൻ,
യാത്രതിരിക്കുന്നു പാതി ... രാത്രി
മാത്രയിൽ നക്ഷത്രം മുമ്പിൽ.

8) തലക്കുമീതെ നടന്നു ... അമ്പിൽ
മലക്കു വഴി കാട്ടുന്നു,
നക്ഷത്രം ദിവ്യ ശിശുവിൻ ... മീതെ
അക്ഷയമായ് നിന്നീടുന്നു

9) പിന്നെ ഈ ശിശുവെയവർ ... ഉടൻ
മുന്നെ ദേവമാതാവിൻ,
കണ്ടു സാദരം നിലത്തു ... വീണു
ആണ്ടുമോദാൽ കുമ്പിട്ടാർ.

10) നിക്ഷേപപാത്രങ്ങളെല്ലാം ... അവർ
അക്ഷയമെന്ന്യേ തുറന്നു,
നൽപൊന്നും കുന്തുരുക്കവും ... മൂരും
തൽപാദേ കാഴ്ച അൎപ്പിച്ചു.

11) ഹേറോദേശിൻ ചൊൽപ്പടിയെ ... വിട്ടു
വേറൊരുമാർഗ്ഗേനയവർ,
സുമനസ്സുക്കളറിച്ച ... പോലെ
സ്വമന്ദിരങ്ങളിൽ പോയി.

12) വേറൊരുമാർഗ്ഗേ ജനനം ... ദുഷ്ട
ഹേറോദേശറിഞ്ഞുടൻ,
രക്ഷനാഥനാമുണ്ണിയെ ... കൊല്ലാൻ
ശിക്ഷപോൽ കല്പിച്ചയച്ചു,

13) യൂദകുലത്തിൻ രാജാവായ് ... ഇഹ
ജാതനാം ദിവ്യയുണ്ണിയെ,
തിരിച്ചറിഞ്ഞീടുവാനായ് ... മാർഗ്ഗം
തിരിയാതെ ഹേറോദേസ്.

14) രണ്ടുവയസ്സുള്ള പൈത ... ങ്ങളെ
കണ്ടുപിടിച്ചു കൊല്ലിച്ചു,
സർവ്വജ്ഞനാം ഉണ്ണിയേയും ... കൊണ്ടു
സർവ്വമറിഞ്ഞു യൌസേപ്പും.

15) പരിശുദ്ധ മറിയവും ... ഒത്തു
പെരിയോരു കഴുതയിൻ,
പുറത്ത് കയററിയുണ്ണി ... യേയും
മറവായി കൊണ്ടുപോയാർ.

16) ചെന്നുപാർത്തു നസറേത്തിൽ ... ഈശോ
അന്നുമുതൽ തൃക്കുടുംബം,
തൽപ്രദേശസ്ഥാപിതമായ് ... നല്ല
ചൊൽപ്പടിക്കു നടന്നീശോ.

T. P. I.

### ഒരു സംശയനിവാരണം.

മാർപ്പാപ്പാമാർ പൊതുദെക്രേത്തു മൂലം കല്പിച്ചു നൽകുമാറാകുന്ന ബന്ധവിമോചനങ്ങൾ എല്ലാം കിഴക്കൻ റീത്തിൽപെട്ട വിശ്വാസികൾക്കു പ്രാപിപ്പാൻ പാടുണ്ടോ എന്നു ടി. റീത്തിൽപെട്ട ഒരു മെത്രാൻ ചോദിച്ചതിനു Poenitentiaria എന്ന തിരുസംഘം പാടുണ്ടെന്നു തീരുമാനിക്കയും ഈ നിശ്ചയത്തെ 15-ാം ബെനഡിക്തോസ് മാർപ്പാപ്പാ കർക്കടകം 6-നു സ്വീകരിച്ചുറപ്പിക്കയും ചെയ്തിരിക്കുന്നു.

അമേരിക്കായിലെ ആദ്യനിവാസികളും ഇപ്പോൾ ഐക്യരാജ്യത്തു ചിന്നിച്ചിതറിക്കിടക്കുന്നവരുമായ ഇൻഡ്യന്മാരുടെ സംഖ്യ 2 ലക്ഷത്തി 84097 ആണെന്നു കാണുന്നു. അലാസ്കായിലുള്ള ഇൻഡ്യന്മാർ ഇതിൽ ഉൾപ്പെട്ടിട്ടില്ല. ഇവരിൽ കത്തോലിക്കരുടെ സംഖ്യ 1 ലക്ഷത്തോളം വരും. ഒരു ലക്ഷത്തി പതിനായിരം പേർ ബിംബാരാധനക്കാരാണ്. ബാക്കിയുള്ളവർ പ്രോട്ടസ്റ്റാണ്ടുസഭയുടെ പല ശാഖകളിൽ ഉൾപ്പെട്ടിരിക്കുന്നു.

ജപ്പാനിൽ മാറിസ്റ്റ ബ്രദേഴ്സ് ചെയ്യുന്ന പരിശ്രമം അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടാണിരിക്കുന്നതു്. തലസ്ഥാനപ്പട്ടണമായ റോക്കിയോയിലുള്ള അവരുടെ പ്രാഥമിക വിദ്യാലയത്തിൽ 850 കുട്ടികൾ പഠിക്കുന്നു. ഒസാക്കായിലുള്ള വേറൊരു സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ സംഖ്യ 760 ആണ്. ഇവരിൽ 625-ം കാറ്റിക്കിസവും (മതപാഠം) പഠിക്കുന്നുണ്ട്.

ഒരു ലക്ഷപ്രഭുവായ മിസ്റ്റർ വേർനൻ റീഡ്, അകത്തോലിക്കനെങ്കിലും, അമേരിക്കായിൽ ഡെൻവർ രൂപതയിലെ കത്തോലിക്കാമെത്രാനു, അദ്ദേഹത്തിന്റെ ഭദ്രാസനദേവാലയത്തോടടുത്തുള്ള അതിമനോഹരമായ ഒരു കെട്ടിടം വസതിയായി ഉപയോഗിക്കുന്നതിനായി ദാനം ചെയ്തിരിക്കുന്നു. മിസ്റ്റർ റീഡ് നാല്പതിനായിരം ഡോളർ കൊടുത്തു വാങ്ങിച്ചിട്ടുള്ള ഈ കെട്ടിടം ദാനം ചെയ്കയിൽ മെത്രാന്നയച്ച എഴുത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ഈ കെട്ടിടം വാങ്ങി സമ്മാനിക്കുന്നതിന്നു് എന്നെ പ്രേരിപ്പിച്ചിട്ടുള്ള ഒരു സംഗതി നിങ്ങളുടെ വൈദികർ ഡെൻവറിൽ ചെയ്യുന്ന മഹത്തായ പ്രവൃത്തികളെക്കുറിച്ചുള്ള മതിപ്പാകുന്നു. മറ്റൊരു സംഗതി, ഡെൻവറിനെ ഒരു പട്ടണത്തിന്റെ നിലയിൽ കൊണ്ടുവരുന്നതിനു നിങ്ങൾ ചെയ്തിട്ടുള്ള വിപുലമായ പരിശ്രമത്തിൽ നിങ്ങളെ അഭിനന്ദിക്കേണമെന്നുള്ള എന്റെ ഉദ്ദേശ്യമാണ്."

അമേരിക്കായിൽ ഐക്യരാജ്യത്തു പത്തുലക്ഷത്തിലധികം കത്തോലിക്കരുള്ള നാലു പ്രദേശങ്ങൾ ഉണ്ടെന്നു കാണുന്നു. ന്യൂയോർക്കിൽ 29 ലക്ഷത്തിൽപരവും, പെൻസിൽവാനിയായിൽ 18 ലക്ഷത്തിലധികവും ഇല്ലിനോയിസിൽ 14 ലക്ഷവും മസച്ചുസെററിൽ 12½ ലക്ഷവും കത്തോലിക്കരുണ്ട്.

ഈ മഹായുദ്ധത്തിൽ ബ്രിട്ടീഷ്കാർക്കു ലഭിച്ചിട്ടുള്ള ഒരു പ്രധാന വിജയം, അവർ ഓർശ്ലേം പട്ടണം പിടിച്ചെടുത്തതാകുന്നു. തുർക്കിയുടെ ക്രൂരഭരണത്തിൽനിന്നും ചരിത്രപ്രസിദ്ധവും, അതിപാവനവുമായ ഈ പട്ടണം മോചിതമായതുകൊണ്ടു ബ്രിട്ടീഷ് പ്രജകൾക്കുമാത്രമല്ല, ക്രിസ്തീയലോകം മുഴുവനും അതിയായ സന്തോഷമുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

യുദ്ധം നമുക്കു ഗുണമായി പര്യവസാനിക്കുന്നതിന്നായി അടുത്ത ജനുവരി ന്ന-ാംനു- അതായതു പുത്തനാണ്ടിന്റെ ആദ്യത്തെ ഞായറാഴ്ച ബ്രിട്ടീഷ് രാജ്യം മുഴുവനിലും ഒരു പ്രാർത്ഥനാദിവസമായി ആചരിക്കേണമെന്നു നമ്മുടെ ചക്രവർത്തി തിരുമനസ്സുകൊണ്ടു ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

പുരോഹിതന്മാർക്കു ദിവ്യപൂജ അർപ്പിക്കുന്നതിന്നായി കഴിഞ്ഞ ചിങ്ങം, കന്നി എന്നീ മാസങ്ങളിൽ തന്നെ ഫ്രാൻസിൽ നൊത്രദാം ദെസാല്പ്സ് എന്ന സംഘക്കാർ എഴുപതു ജംഗമപീഠങ്ങൾ പണിയിച്ചിട്ടുള്ളതായി കാണുന്നു. ഇവ ഉൾപ്പെടെ പ്രസ്തുത സംഘക്കാർ ഫ്രഞ്ചുപട്ടാളത്തിന്നു ഇതുവരെ നാനൂറു പീഠങ്ങൾ നൽകീട്ടുണ്ട്. എങ്കിലും [illegible] ജംഗമപീഠങ്ങൾ ആവശ്യമായിരിക്കുന്നു എന്നുള്ള അപേക്ഷകൾ ഇനിയും സാധിക്കേണ്ടതായിട്ടുണ്ട്. ഈ പീഠങ്ങളിൽ ദിനംപ്രതി ശരാശരി എണ്ണായിരത്തിൽപരം വൈദികന്മാർ ദിവ്യപൂജ സമർപ്പിക്കുന്നതായി കാണുന്നു.

## മാസികാ വരിപ്പണം അടച്ചവരുടെ പേരുവിവരം.

ഒരു രൂപാ വീതം.

൧. ൨൦. ൮൦. അവർകൾ,

പൂവത്തിൽ ഏലീശാ, വെളിയനാടുക്കാരൻ മത്തായി, സെക്രട്ടറി ഷഷ്ട്യബ്ദപൂർത്തി ാറിയൽ റീഡിംഗ് റൂം പുളിങ്കുന്നു, കാരുവേലിൽ തൊമ്മൻ തൊമ്മൻ, പി. ആർ. ാത്തു, സി. പി. വറുഗീസ്, സെക്രട്ടറി സെൻറ അഗസ്റ്റീൻസ് റീഡിംഗ് റൂം, ാലക്കട വി. ജെ. പൌലോസ് വടക്കഞ്ചേരി, ആലങ്ങാട്ടു. ബ. പള്ളിക്കുന്നേൽ യാക്കോച്ചൻ, മാരാങ്കുഴിയിൽ തൊമ്മൻ, മണ്ണനാൽ പുത്തൻപറമ്പിൽ റിനസന്തിയോസ്, ബ., ക്രൂക്കമറ്റത്തിൽ മത്തായി അച്ചൻ, ബ. തറപ്പേൽ മാണിയച്ചൻ, വൈമ്പള്ളിൽ ഇട്ടിയവ്വിരാ ദേവസ്യാ, ബ. കോച്ചേരിൽ മത്തായി അച്ചൻ, പാണാപള്ളി കൊവേന്തയുടെ ബ. വികാരിയച്ചൻ, ബ. വെട്ടിക്കാപ്പള്ളിൽ കയ്യാക്കോസച്ചൻ, വടക്കഞ്ചേരി പൌലോ വക്കി, മാളിക്കൽ പൌലോ ഔസേപ്പുണ്ണി, അമ്പഴക്കാട്ടു കൊവേന്തയുടെ പെ. ബ. പ്രിയോരച്ചൻ, പറപ്പൂക്കര പി. ഐ. പാവു, ബ. അക്കര യോഹന്നാനച്ചൻ, ബ. ഇന്മടി ഔസേപ്പച്ചൻ, ബ. ചിറയത്തു യോഹന്നാനച്ചൻ, പറമ്പിൽ റപ്പായി മകൾ മറിയം, വെള്ളാട്ടുകര വറിയ്തു ഔസേപ്പ, തൊഴുത്തുംപറമ്പിൽ ഗീവറുഗീസ്, ഐനിക്കൽ തോട്ടാൻ അന്തോനി ഔസേപ്പ, പീച്ചുഴത്തു വറിയ്തു ഔസേപ്പ, കരോട്ടുപാറ കുഞ്ഞുപാപ്പി, വെളിയിൽ സഖറിയാ ദേവസ്സി, Rev. Fr. Superior Carmelite Hospice Jepoo, Mr. Teresa Augustine Cochin.

പല വക.

റെ. വി. ജോർജ് തെക്കേക്കുന്നേൽ ൧ രൂ. ൭ ച. ൨ കാ.
വെട്ടിക്കനാക്കുടി പത്രോസ് വക്കി ൨ രൂ.
വടക്കൻ വറുതുണ്ണി കയ്യാ ൧ രൂ. ൮ ച. ൧൨ കാ.
അമ്പഴക്കാട്ടു കന്യകാമഠത്തിൻെറ ബ. ശ്രേഷ്ഠത്തിയമ്മ ൨ രൂ.
ഐ. ജെ. ജോസഫ് ഒല്ലൂർ, ൨ രൂ.
ബ. മഞ്ഞളി ഇഗ്നാസിയോസച്ചൻ ൩ രൂ.
റെ. പി. ഇഗ്നേഷ്യസ്, സ്കൂൾ മാസ്റ്റർ മുകുന്ദപുരം ൨ രൂ. ൮ ച. ൧൨ കാ.
കോടലിപ്പറമ്പിൽ ദേവസ്സി ൧ രൂ. ൧൭ ച.
ബ. പുളിക്കൽ അബ്രാഹമച്ചൻ ൨൧ ച.
ബ. ഊക്കൻ യോഹന്നാനച്ചൻ ൨ രൂ.

Printed and Published for the Proprietor by A. P. Manikkat
St. Joseph's Press, Mannanam.